©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2023

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

# നിയമസഭാ നടപടിക്രമങ്ങളുടെ പരിഷ്കരണത്തിനായുള്ള അഡ്ഹോക് കമ്മിറ്റി

## റിപ്പോർട്ട്

**(2023 ആഗസ്റ്റ് മാസം 9 - ാം തീയതി സഭയിൽ സമർപ്പിച്ചത്)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2023

# പതിനഞ്ചാം കേരള നിയമസഭ

# നിയമസഭാ നടപടിക്രമങ്ങളുടെ പരിഷ്കരണത്തിനായുള്ള
# അഡ്ഹോക് കമ്മിറ്റി

## റിപ്പോർട്ട്

(2023 ആഗസ്റ്റ് മാസം 9 - ാം തീയതി സഭയിൽ സമർപ്പിച്ചത്)

688/2023.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ഉപസമിതികളുടെ ഘടന | .. | vii |
| ആമുഖം | .. | ix |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : | | |
| I. ഭേദഗതികൾ നിർദ്ദേശിക്കപ്പെട്ട ചട്ടങ്ങൾ | .. | 20 |

## നിയമസഭാ നടപടിക്രമങ്ങളുടെ പരിഷ്കരണത്തിനായുള്ള അഡ്ഹോക് കമ്മിറ്റി

### ഘടന

ചെയർമാൻ:

ശ്രീ. കെ. രാധാകൃഷ്ണൻ

(ബഹു. പട്ടികജാതി, പട്ടികവർഗ്ഗ,
പിന്നോക്കവിഭാഗ ക്ഷേമ-ദേവസ്വവും
പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)

അംഗങ്ങൾ:

ശ്രീ. ചിറ്റയം ഗോപകുമാർ
(ബഹു. ഡെപ്യൂട്ടി സ്പീക്കർ)

ഡോ. എൻ. ജയരാജ്
(ബഹു. ഗവൺമെന്റ് ചീഫ് വിപ്പ്)

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീ. അനൂപ് ജേക്കബ്

ശ്രീ. മാത്യു ടി. തോമസ്

ശ്രീ. മോൻസ് ജോസഫ്

ശ്രീമതി യു. പ്രതിഭ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. പി.ടി.എ. റഹീം

ശ്രീ. ടി. പി. രാമകൃഷ്ണൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

ശ്രീ. ഇ. കെ. വിജയൻ.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി

ശ്രീ. കെ. ജി. ത്രിദീപ്, അഡീഷണൽ സെക്രട്ടറി

ശ്രീ. എം. എസ്. വിജയൻ, അഡീഷണൽ സെക്രട്ടറി

ശ്രീ. ഡി. ഡി. ഗോഡ്ഫ്രി, അഡീഷണൽ സെക്രട്ടറി

ശ്രീ. പി. ഹരി, അഡീഷണൽ സെക്രട്ടറി

ശ്രീ. ജി. പി. ഉണ്ണികൃഷ്ണൻ, ജോയിന്റ് സെക്രട്ടറി

ശ്രീ. എ. ജാഫർഖാൻ, ജോയിന്റ് സെക്രട്ടറി

ശ്രീമതി ദീപ വി., ജോയിന്റ് സെക്രട്ടറി

ശ്രീമതി ഷീബ വർഗ്ഗീസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി റീന വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. നന്ദകുമാർ ആർ., അണ്ടർ സെക്രട്ടറി

ശ്രീ. ആർ. ബിനു, അണ്ടർ സെക്രട്ടറി.

## ഉപസമിതികളും അതിന്റെ ഘടനയും

| **ഉപസമിതി** | **അംഗങ്ങൾ** | |
|---|---|---|
| നിയമസഭാ നടപടിക്രമങ്ങൾ: | ശ്രീ. മാത്യു ടി. തോമസ് | കൺവീനർ |
| | ശ്രീ. എ. പി. അനിൽ കുമാർ | അംഗം |
| | ശ്രീ. അനൂപ് ജേക്കബ് | ” |
| | ശ്രീമതി യു. പ്രതിഭ | ” |
| നിയമനിർമ്മാണം: | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | കൺവീനർ |
| | ശ്രീ. എൻ. ഷംസുദ്ദീൻ | അംഗം |
| | ശ്രീ. ഇ. കെ. വിജയൻ | ” |
| | ഡോ. എൻ. ജയരാജ് | ” |
| | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | ” |
| നിയമസഭാ സമിതികൾ: | ശ്രീ. ചിറ്റയം ഗോപകുമാർ | കൺവീനർ |
| | ശ്രീ. ടി. പി. രാമകൃഷ്ണൻ | അംഗം |
| | ശ്രീ. കടകംപള്ളി സുരേന്ദ്രൻ | ” |
| | ശ്രീ. മോൻസ് ജോസഫ് | ” |
| | ശ്രീ. പി.ടി.എ. റഹീം | ” |

## ആമുഖം

പാർലമെന്ററി ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നതിൽ സംസ്ഥാന നിയമനിർമ്മാണ സഭകൾക്ക് വളരെ വലിയ പങ്കാണുള്ളത്. എക്സിക്യൂട്ടീവിൽ നിന്നും വ്യത്യസ്തവും സ്വതന്ത്രവുമായ പ്രത്യേക സെക്രട്ടേറിയറ്റിന്റെ സേവനം ഉപയോഗിച്ചാണ് നിയമനിർമ്മാണ സഭയുടെ നടപടിക്രമങ്ങൾ പാലിച്ചുപോരുന്നത്. ഭരണഘടനയുടെ അനുച്ഛേദം 208(1) അടിസ്ഥാനമാക്കി പുറപ്പെടുവിച്ചിട്ടുള്ള കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങൾക്കനുസൃതമായാണ് കേരള നിയമസഭ അതിന്റെ നടപടിക്രമം നടത്തുന്നത്. തിരു-കൊച്ചിയിൽ 1954 ആഗസ്റ്റ് 31-ന് നിലവിൽ വന്ന നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളാണ് മലബാർ, കൊച്ചി-തിരുവിതാംകൂർ പ്രവിശ്യകൾ സംയോജിപ്പിച്ച് 1956-ലെ സംസ്ഥാന പുനഃസംഘടനയോടെ ഐക്യ കേരളം നിലവിൽ വന്നപ്പോൾ കേരള നിയമസഭയിൽ പ്രാബല്യത്തിൽ വന്നത്. ഇത് കാലാകാലങ്ങളിൽ പരിഷ്കരണത്തിന് വിധേയമായിട്ടുണ്ട്.

ഇന്ത്യയിലെ നിയമനിർമ്മാണ സഭകൾക്ക് എന്നും മാതൃകയായിട്ടുള്ള പ്രവർത്തനങ്ങളാണ് കേരള നിയമസഭ കാഴ്ചവച്ചിട്ടുള്ളത്. സമൂഹത്തിലെ മാറ്റങ്ങൾ സഭാതലത്തിലെ ചർച്ചകളിലും, വിവിധ സമിതികളുടെ പ്രവർത്തനങ്ങളിലും പ്രതിഫലിക്കുമാറ് സഭയുടെ കർമ്മപഥം മുന്നോട്ട് കൊണ്ടുപോകുന്നതിന് കേരള നിയമസഭയ്ക്ക് ഏക്കാലവും കഴിഞ്ഞിട്ടുണ്ട്. സഭാ ചട്ടങ്ങളും കീഴ്‌വഴക്കങ്ങളും തികച്ചും യാന്ത്രികമായി തുടരുന്നത് ജനാധിപത്യത്തിന്റെ വളർച്ചയ്ക്ക് ഒട്ടും ഭൂഷണമല്ല. ഈയൊരു പശ്ചാത്തലത്തിലാണ് കേരള നിയമസഭയുടെ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങൾക്ക് കാലോചിതമായ പരിഷ്കരണം നടത്തുന്നതിനായി അഡ്ഹോക് കമ്മിറ്റി രൂപീകരിക്കപ്പെട്ടത്. 2009-ലാണ് ഇത്തരത്തിലൊരു പരിഷ്കരണം അവസാനമായി കേരള നിയമസഭ ഏറ്റെടുത്തത്. പ്രസ്തുത പരിഷ്കരണത്തിലൂടെ ചട്ടങ്ങളിൽ വരുത്തിയ മാറ്റങ്ങൾ സസൂക്ഷ്മം സമിതി വിലയിരുത്തിയിട്ടുണ്ട്. വിവിധ സമിതികളുടെ പ്രവർത്തനം, അവയുടെ ശിപാർശ കളിന്മേലുള്ള നടപടി റിപ്പോർട്ടുകൾ ലഭിക്കുന്നതിനുള്ള കാലതാമസം, ചോദ്യങ്ങൾക്ക് ഉത്തരം ലഭിക്കുന്നതിനുണ്ടാകുന്ന അലംഭാവം തുടങ്ങിയ വിവിധ സംഗതികൾ സമിതി പരിശോധിച്ചു. സഭയിൽ വിവിധ പ്രശ്നങ്ങൾ ഉന്നയിക്കുന്നതിനായി നിലവിലുള്ള ചട്ടങ്ങൾ പ്രയോജനപ്പെടുത്തുന്നത് എത്രത്തോളം വിജയകരമാക്കാൻ കഴിഞ്ഞു എന്ന് സമിതി വിലയിരുത്തുകയുണ്ടായി. ഇതോടൊപ്പം വിവരസാങ്കേതികവിദ്യ അഭൂതപൂർവ്വമായി വളർന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ നിയമനിർമ്മാണസഭകളും അതിന്റെ ഗുണഫലങ്ങൾ ക്രിയാത്മകമായി പ്രയോജനപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ഇ-നിയമസഭ പദ്ധതിയുടെ നടത്തിപ്പ് അതിവേഗം പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഈ വേളയിൽ അതിനനുസൃതമായുള്ള മാറ്റങ്ങൾ എങ്ങനെ ചട്ടങ്ങളിൽ ഉൾപ്പെടുത്താനാകുമെന്നും വിശദമായി പരിശോധിക്കുകയുണ്ടായി.

2021 ആഗസ്റ്റ് 25- ാം തീയതി രൂപീകൃതമായ സമിതി 2021 സെപ്റ്റംബർ 8- ാം തീയതി അതിന്റെ പ്രഥമ യോഗം ചേരുകയുണ്ടായി. തുടർന്ന് സമിതി പരിഗണിക്കുന്ന

വിഷയങ്ങൾ അതിബൃഹത്തരമായതാണെന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ ബഹു. സമിതിയംഗങ്ങളായ ശ്രീ. മാത്യു ടി. തോമസ്, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. ചിറ്റയം ഗോപകുമാർ എന്നിവർ കൺവീനർമാരായി മൂന്ന് ഉപസമിതികൾ രൂപീകരിക്കുകയും പൊതുവായ നടപടിക്രമങ്ങൾ, നിയമനിർമ്മാണം, സഭാസമിതികൾ എന്നീ വിഷയങ്ങൾ പ്രത്യേകമായി പ്രസ്തുത ഉപസമിതികളുടെ പഠനത്തിന് വിധേയമാക്കുകയും ചെയ്തു. ആഴത്തിലുള്ള ചർച്ചകളും വാദപ്രതിവാദങ്ങളുമായി 14 യോഗങ്ങൾ ചേരുകയും ഉപസമിതികൾ പഠിച്ച് സമർപ്പിച്ച റിപ്പോർട്ടുകളിൽ വിശദമായ പരിശോധന നടത്തുകയുമുണ്ടായി. ഇതിനായി പാർലമെന്റിലേയും വിവിധ നിയമസഭകളിലേയും ചരിത്രപശ്ചാത്തലവും പ്രവർത്തനരീതികളും സമിതിയുടെ പരിഗണനയ്ക്ക് പാത്രമായി.

സഭാതലത്തിൽ അനുവർത്തിക്കേണ്ട ഉദാത്തമായ മര്യാദകളും കീഴ്‌വഴക്കങ്ങളും സാമാജികരുടെ മികച്ച പ്രവർത്തനങ്ങൾക്ക് വഴിതെളിക്കും. നിർദ്ദേശിക്കപ്പെടുന്ന ഈ പരിഷ്കരണങ്ങൾ അതിന് പ്രേരകമാവുമെന്ന വസ്തുത അത്യന്തം ചാരിതാർത്ഥ്യത്തോടെ കുറിക്കുന്നു. ചട്ടങ്ങളിലും കീഴ്‌വഴക്കങ്ങളിലും വരുത്തേണ്ടതായ മാറ്റങ്ങൾ സമിതി ശിപാർശ ചെയ്തിട്ടുണ്ടെങ്കിലും അത് പ്രയോഗതലത്തിൽ സഭാംഗങ്ങൾ എങ്ങനെ നടപ്പാക്കും എന്നതിനെ ആശ്രയിച്ചിരിക്കും ഈ അഡ്ഹോക് കമ്മിറ്റിയുടെ പ്രവർത്തന വിജയം.

കെ.രാധാകൃഷ്ണൻ,

(ബഹു. പട്ടികജാതി, പട്ടികവർഗ്ഗ,
പിന്നോക്കവിഭാഗ ക്ഷേമ-ദേവസ്വവും
പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)

തിരുവനന്തപുരം,
9-8-2023.

*ചെയർമാൻ,*
*നിയമസഭാ നടപടിക്രമങ്ങളുടെ*
*പരിഷ്കരണത്തിനായുള്ള*
*അഡ്ഹോക് കമ്മിറ്റി.*

# റിപ്പോർട്ട്

ഇന്ത്യയിലെ പാർലമെന്ററി നടപടിക്രമങ്ങൾക്ക് ആകെ മാതൃകയാകുന്ന തരത്തിൽ, മാറുന്ന കാലഘട്ടത്തിന്റെ ആവശ്യകതകൾക്ക് അനുസൃതമായി നവീകരണത്തിന് വിധേയമായ ചട്ടങ്ങളാണ് കേരള നിയമസഭയ്ക്കുള്ളത്. ആ അർത്ഥത്തിൽ ഇന്ത്യൻ ജനാധിപത്യത്തിൽ, കാലത്തിനു മുൻപേ നടന്ന ചരിത്രമാണ് കേരള നിയമസഭയുടേത്. 1957-ൽ കേരള സംസ്ഥാനം രൂപീകൃതമാകുമ്പോൾ, തിരു-കൊച്ചി നിയമസഭയുടെ 'നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങൾ' ആയിരുന്നു കേരള നിയമസഭയുടെ പ്രവർത്തനങ്ങൾക്കായി സ്വീകരിച്ച ആദ്യ മാർഗ്ഗരേഖ.

2. നാലാം കേരള നിയമസഭയുടെ കാലയളവിൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിൽ സമഗ്രവും കാലാനുസൃതവുമായ മാറ്റങ്ങൾ വരുത്തിയിരുന്നു. തുടർന്നുണ്ടായ സബ്ജക്ട് കമ്മിറ്റികളുടെ രൂപീകരണം ഇന്ത്യൻ പാർലമെന്റിന് തന്നെ മാർഗ്ഗനിർദ്ദേശകമായി മാറിയ മാതൃകയായിരുന്നു. പിന്നീടും ചട്ടങ്ങളും നടപടിക്രമങ്ങളും പരിഷ്കരിക്കണമെന്ന പൊതുവായ ആവശ്യം പന്ത്രണ്ടാം കേരള നിയമസഭയുടെ പ്രാരംഭം മുതൽ സജീവമായതിന്റെ ഫലമായി അന്നത്തെ നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി ചെയർമാനായി 21 അംഗ സമിതിയെ തെരഞ്ഞെടുക്കുകയും പ്രസ്തുത സമിതി സമഗ്രമായ ഒരു റിപ്പോർട്ട് 2009 സെപ്റ്റംബർ 14- ാം തീയതി ബഹുമാനപ്പെട്ട സ്പീക്കർക്ക് സമർപ്പിക്കുകയുമുണ്ടായി. പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച റൂൾസ് കമ്മിറ്റി നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിൽ സമഗ്രമായ ഭേദഗതികൾ കൊണ്ടുവന്നിരുന്നു.

3. നിലവിൽ, ചട്ടങ്ങളിൽ വരുത്തേണ്ട കാലോചിതമായ പരിഷ്കാരങ്ങളെ സംബന്ധിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ബഹുമാനപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ, പിന്നോക്ക വിഭാഗക്ഷേമ-ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി അധ്യക്ഷനായി 15 അംഗ അഡ്ഹോക് കമ്മിറ്റി രൂപീകരിക്കുന്നതിന് സഭ അനുമതി നൽകിയിരുന്നു. പ്രസ്തുത അഡ്ഹോക് കമ്മിറ്റി അതിന്റെ പ്രവർത്തനം (i) പൊതുവായ

നടപടിക്രമങ്ങൾ, (ii) നിയമനിർമ്മാണം, (iii) നിയമസഭാ സമിതികൾ എന്നിങ്ങനെ മൂന്ന് മേഖലകളായി പരിഗണനാ വിഷയങ്ങൾ വേർതിരിക്കുകയും ഉപസമിതികൾ രൂപീകരിച്ച് പ്രസ്തുത മേഖലകളിലെ ചട്ടങ്ങൾ വിശദമായ പഠനത്തിന് വിധേയമാക്കുകയും ചെയ്തു.

4. മൂന്ന് ഉപസമിതികളും സംയുക്തമായി തയ്യാറാക്കിയ ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ മുൻ സ്പീക്കർമാർ, മുൻ നിയമസഭാ സെക്രട്ടറിമാർ, മുതിർന്ന മാധ്യമ പ്രവർത്തകർ, മുൻ നിയമസഭാ സാമാജികരുടെ ഫോറം ഉൾപ്പെടെ പാർലമെന്ററി കാര്യങ്ങളിൽ തൽപരരായ സമുന്നത വ്യക്തികളിൽ നിന്നും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ആരായുകയുണ്ടായി. മുൻ ലോക്‌സഭാ സെക്രട്ടറി ജനറലും ഇക്കാര്യത്തിലുള്ള നിർദ്ദേശങ്ങൾ നൽകിയിരുന്നു.

5. തുടർന്ന് അഡ്‌ഹോക് കമ്മിറ്റി യോഗങ്ങൾ ചേരുകയും ഉപസമിതികൾ സമർപ്പിച്ച നിർദ്ദേശങ്ങളും ശിപാർശകളും സൂക്ഷ്മമായ പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്തു. കാലാനുസൃതമായ പരിഷ്കരണത്തിന് വിധേയമാകേണ്ട ഓരോ ചട്ടത്തെ സംബന്ധിച്ചും സമിതി വിശദമായ പരിശോധന നടത്തിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ, ചട്ടങ്ങളിലെ ഭേദഗതി നിർദ്ദേശങ്ങളും, അവ്യക്തതകളും പിശകുകളും തിരുത്തുന്നതിനുള്ള നിർദ്ദേശങ്ങളും, മലയാളം പരിഭാഷയിൽ വന്ന പിശകുകൾ തിരുത്തുന്നതിനുള്ള നിർദ്ദേശങ്ങളും, പൊതുവായ നിർദ്ദേശങ്ങളും, പുതിയ സമിതികൾ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും സമർപ്പിച്ചിട്ടുണ്ട്. കൂടാതെ സഭാ നടപടികളുടെ സുഗമമായ നടത്തിപ്പിനായി വിവിധ കാലഘട്ടങ്ങളിൽ ബഹുമാനപ്പെട്ട സ്പീക്കർമാർ സഭാതലത്തിൽ പുറപ്പെടുവിച്ചിട്ടുള്ള റൂളിംഗുകളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ടുംകൂടിയുള്ളതാണ് സമിതിയുടെ ഈ റിപ്പോർട്ട്.

6. 1956-ൽ കേരള സംസ്ഥാന രൂപീകരണ സമയത്ത് തിരു-കൊച്ചി നിയമസഭയിൽ ഉപയോഗിച്ചിരുന്ന 'Rules of Procedure' അഡോപ്റ്റ് ചെയ്താണ് കേരള നിയമസഭ പ്രവർത്തനമാരംഭിച്ചത്. ഇംഗ്ലീഷിൽ പബ്ലിഷ് ചെയ്തിരുന്ന പ്രസ്തുത 'Rules of Procedure' - നെ മലയാളത്തിലേക്ക് 'കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങൾ' എന്ന ശീർഷകത്തിൽ പരിഭാഷപ്പെടുത്തിയിട്ടുണ്ട്. എന്നിരുന്നാലും ഇംഗ്ലീഷിൽ പബ്ലിഷ് ചെയ്തിട്ടുള്ള 'Rules of Procedure' ആണ് ആധികാരിക രേഖയായി പരിഗണിച്ചിട്ടുള്ളത്. ആയതിനാൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളുടെ മലയാള പരിഭാഷയെ ആധികാരിക രേഖയാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, നിലവിലെ മലയാള പരിഭാഷയിൽ ധാരാളം പിഴവുകൾ ഉള്ളതിനാൽ, തിരുത്തലുകൾ വരുത്തി ആയത്

ക്രോഡീകരിക്കാതെ മലയാള പരിഭാഷ ആധികാരിക രേഖയാക്കുവാൻ കഴിയില്ലായെന്ന് സമിതി വിലയിരുത്തുകയും, നിയമസഭാ ചട്ടങ്ങളുടെ മലയാള പരിഭാഷ ആധികാരിക രേഖയാക്കുന്നതിനായി ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ച് പഠനം നടത്തിയശേഷം നിയമ വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കേണ്ടതാണെന്നും ശിപാർശ ചെയ്യുന്നു.

## നിർവ്വചനങ്ങൾ (ചട്ടം 2)

7. ചട്ടം 2(i) - ൽ 'online' എന്ന പദത്തെ 'Online means the mode of submitting or retrieving notices, information and documents from anywhere at any time using the login credentials through the digital platforms provided by the Kerala Legislative Assembly' എന്നാണ് നിർവ്വചിച്ചിരിക്കുന്നത്. ഓൺലൈനിന്റെ ഡെഫിനിഷൻ കേരള നിയമസഭയോ നിയമസഭാ സെക്രട്ടേറിയറ്റോ സജ്ജീകരിക്കുന്ന പ്ലാറ്റ്ഫോമിലൂടെ User Name-ഉം, Password-ഉം ഉപയോഗിച്ച് നിർവ്വഹിക്കുംവിധം വിപുലപ്പെടുത്തേണ്ടത് ആവശ്യമാണ്. അല്ലാത്തപക്ഷം ഇ-മെയിൽ ഉൾപ്പെടെയുള്ള നവ മാധ്യമങ്ങളിലൂടെ അംഗങ്ങൾ അയക്കുന്നതും ഓൺലൈനിൽ ഉൾപ്പെടാൻ സാധ്യതയുണ്ട്. നിയമസഭാ സെക്രട്ടേറിയറ്റ് നൽകുന്ന പ്ലാറ്റ്ഫോമുകളിൽ ലഭ്യമാക്കിയില്ലെങ്കിൽ കോൺഫിഡൻഷ്യാലിറ്റി ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ ഉണ്ടാകാനും സാധ്യതയുള്ളതിനാൽ ഇത്തരത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി " Online" - ന്റെ നിർവ്വചനം അനുബന്ധം I (1) ആയി ചേർത്തിരിക്കുന്ന പ്രകാരം പരിഷ്കരിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

## സത്യപ്രതിജ്ഞ അഥവാ സത്യവാചകം (ചട്ടം 5)

8. ഇന്ത്യൻ ഭരണഘടനയുടെ മലയാള പരിഭാഷയ്ക്കനുസൃതമായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിൽ മാറ്റം വരുത്തുന്നതിനായി ഭരണഘടനയുടെ അനുച്ഛേദം 188 - ന്റെ മലയാള പരിഭാഷയിൽ 'Oath or affirmation' എന്നതിന് 'ശപഥം അല്ലെങ്കിൽ പ്രതിജ്ഞ' എന്ന് ഉപയോഗിച്ചിട്ടുള്ളതിനാൽ നിയമസഭാ ചട്ടങ്ങളുടെ മലയാള പരിഭാഷയിലെ ചട്ടം 5-ന്റെ മാർജിനൽ ശീർഷകത്തിൽ 'സത്യപ്രതിജ്ഞ അഥവാ സത്യവാചകം' എന്നതിനു പകരമായി അനുബന്ധം I (2) ആയി ചേർത്തിരിക്കുന്ന പ്രകാരം 'ശപഥം അല്ലെങ്കിൽ പ്രതിജ്ഞ' എന്നീ വാക്കുകൾ ഉൾക്കൊള്ളിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

9. കൂടാതെ, ലോക്സഭയിൽ അനുവർത്തിക്കുന്നതിന് സമാനമായി, നിയമസഭാ തിരഞ്ഞെടുപ്പിനുശേഷം പുതിയ അംഗങ്ങളുടെ പ്രതിജ്ഞയ്ക്കുമുമ്പ് ഇലക്ഷൻ കമ്മീഷന്റെ വിജ്ഞാപനം മേശപ്പുറത്ത് വയ്ക്കുന്ന നടപടിക്രമം കേരള നിയമസഭയിലും സ്വീകരിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

### അംഗങ്ങളുടെ രജിസ്റ്റർ (ചട്ടം 6)

10. ചട്ടം 6 - ന്റെ മലയാള പരിഭാഷയിൽ 'Roll of Members' എന്ന അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്തതിനുശേഷം ഒപ്പിടുന്ന പുസ്തകത്തിന് ' ഹാജർ പട്ടിക' എന്നാണ് പരിഭാഷപ്പെടുത്തിയിരിക്കുന്നത്. ആയത് 'അംഗത്വപട്ടിക' എന്ന വാക്കാക്കി മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### നിയമസഭാ സ്പീക്കർ/ഡെപ്യൂട്ടി സ്പീക്കർ തെരഞ്ഞെടുപ്പ് (ചട്ടം 7, 8)

11. നിയമസഭാ സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ തെരഞ്ഞെടുപ്പിനുള്ള Module-കൾ Online Platform ആയ ഇ-നിയമസഭാ ആപ്ലിക്കേഷനിൽ ഉണ്ടെങ്കിലും, നിലവിലെ രീതിയിലുള്ള പേപ്പർ നോമിനേഷനും, തെരഞ്ഞെടുപ്പ് രീതിയും തുടർന്നാൽ മതിയെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### ചെയർമാന്മാരുടെ പാനൽ (ചട്ടം 9)

12. നിയമസഭാ സമ്മേളനവുമായി ബന്ധപ്പെട്ട് നാമനിർദ്ദേശം ചെയ്യപ്പെടുന്ന ചെയർമാൻമാരുടെ പാനലിൽ വനിതാ സാമാജികരെയും ഉൾപ്പെടുത്താറുള്ളതിനാൽ നിയമസഭാ ചട്ടങ്ങളിലെ ചട്ടം 9 ഉൾപ്പെടെ 'Panel of Chairmen' എന്ന് രേഖപ്പെടുത്തിയിട്ടുള്ള ഭാഗങ്ങളിലെല്ലാം 'Panel of Chairpersons' എന്ന് ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### ഡെപ്യൂട്ടി സ്പീക്കറുടെയോ അദ്ധ്യക്ഷം വഹിക്കുന്ന മറ്റ് അംഗത്തിന്റെയോ അധികാരം (ചട്ടം 10)

13. ഡെപ്യൂട്ടി സ്പീക്കറുടെയോ അദ്ധ്യക്ഷം വഹിക്കുന്ന മറ്റ് അംഗത്തിന്റെയോ അധികാരവുമായി ബന്ധപ്പെട്ട നിയമസഭാ ചട്ടങ്ങളിലെ ചട്ടം 10 - ന്റെ നിലവിലെ മലയാള പരിഭാഷയിലുള്ള മാർജിനൽ ശീർഷകത്തിൽ പരിഭാഷയിൽ വന്നിട്ടുള്ള പിശക് തിരുത്തുന്നതിന് അനുബന്ധം I (3) ആയി ചേർത്തിരിക്കുന്ന പ്രകാരം ചട്ടം 10 - ന്റെ മാർജിനൽ ശീർഷകം ഭേദഗതി ചെയ്യുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

### നന്ദിപ്രമേയം (ചട്ടം 15)

14. സഭാനടപടികൾ മിക്കവാറുമെല്ലാം ആരംഭിക്കുന്നതിന് ആധാരമാകുന്ന ഉപക്ഷേപം ഒരു വിഷയത്തിന്മേൽ ചർച്ച നടത്തുന്നതിനായി സഭയിൽ അവതരിപ്പിക്കുന്നവയാണ്. ചർച്ചകൾക്കു ശേഷം ഉപക്ഷേപം കൊണ്ടുവന്ന അംഗത്തിന് സഭയുടെ അനുമതിയോടെ ആയത് പിൻവലിക്കാൻ കഴിയും. അപ്രകാരം ചെയ്യില്ലെങ്കിൽ ആ വിഷയത്തിൽ സഭ വോട്ടിനിട്ട് തീരുമാനമെടുക്കുന്നു. ഒരു വിഷയത്തിന്മേൽ, പ്രത്യേകിച്ച് സർക്കാരിന്റെ അധികാരപരിധിക്ക്

പുറത്തുള്ള ഒന്നിൽ നിയമസഭയുടെ പൊതുവികാരമോ അഭിപ്രായമോ നിർദ്ദേശമോ ഔപചാരികമായി പ്രകടമാക്കുന്നതിനാണ് പ്രമേയം അവതരിപ്പിക്കുന്നത്. ഇപ്രകാരമുള്ള 'പ്രമേയം', 'ഉപക്ഷേപം' എന്നിവയുടെ പ്രയോഗം നിയമസഭാ ചട്ടങ്ങളിൽ പ്രത്യേകിച്ച് മലയാള പരിഭാഷയിൽ കൃത്യമായ വിധത്തിലല്ല ഉപയോഗിച്ചിരിക്കുന്നതെന്ന് സമിതി വിലയിരുത്തി.

15. മേൽസൂചിപ്പിച്ച വിധമുള്ള പ്രയോഗത്തിലെ പിശക് പരിഹരിക്കുന്നതിനായി മലയാളപരിഭാഷയിൽ ചട്ടം 15 - ലെ 'നന്ദിപ്രമേയം' എന്നത് 'നന്ദി ഉപക്ഷേപം' എന്ന് ഭേദഗതി ചെയ്യാൻ സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ 'Motion' എന്ന ഇംഗ്ലീഷ് പദത്തിന് തത്തുല്യമായി 'പ്രമേയം' എന്ന് ചേർത്തിരിക്കുന്നിടത്ത് 'ഉപക്ഷേപം' എന്ന് ഭേദഗതി ചെയ്യുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

**ദിവസാവസാനം തീർപ്പാകാതെ അവശേഷിക്കുന്ന കാര്യങ്ങൾ (ചട്ടം 24)**

16. "...ആ ദിവസത്തിന്റെ അവസാനം ചർച്ചയിലിരിക്കുന്ന ഏതൊരു കാര്യവും അത്തരത്തിൽപ്പെട്ട കാര്യങ്ങൾക്കായി നീക്കിവച്ചിട്ടുള്ള അടുത്ത ദിവസത്തേക്ക് വയ്ക്കേണ്ടതും..." എന്ന ചട്ടം 24-ന്റെ ക്ലിപ്തനിബന്ധനയനുസരിച്ച് അനൗദ്യോഗിക അംഗങ്ങളുടെ കാര്യങ്ങൾക്കായുള്ള വെള്ളിയാഴ്ചകളിൽ അവസാനം പരിഗണിക്കുന്ന അനൗദ്യോഗിക പ്രമേയം പ്രസ്തുത അജണ്ടക്കായി തീരുമാനിച്ചിരിക്കുന്ന അടുത്ത ദിവസത്തേക്ക് നീട്ടിവയ്ക്കുകയാണ് ചെയ്തുവരുന്നത്. എന്നാൽ അനൗദ്യോഗിക ബില്ലുകളുടെ കാര്യത്തിൽ ഈ നിബന്ധന നിലവിൽ ബാധകമാകുന്നില്ല. നിലവിലെ ചട്ടമനുസരിച്ച് ഏറ്റവുമൊടുവിൽ അവതരണാനുമതി തേടുന്ന ബിൽ മാത്രമേ തുടർചർച്ചയ്ക്കായി നീട്ടിവയ്ക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ ഒന്നിലധികം ബില്ലുകൾ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്ന കീഴ്‌വഴക്കം നിലവിലുള്ളതിനാൽ ആയത് തുടരുന്നതാണ് ഉചിതമെന്ന് സമിതി വിലയിരുത്തുകയും, "അനൗദ്യോഗിക അംഗങ്ങളുടെ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്മേലുള്ള ചർച്ച തുടരുന്നതിന് ആവശ്യപ്പെടുകയും, അത് അംഗീകരിക്കപ്പെടുകയും ചെയ്യുന്ന സംഗതികളിൽ മേൽപരാമർശിച്ച ക്ലിപ്ത നിബന്ധന ബാധകമല്ല." എന്ന തരത്തിൽ ചട്ടം 24-ന്റെ ക്ലിപ്തനിബന്ധന താഴെപ്പറയുന്ന വിധം ഭേദഗതി ചെയ്യുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

17. "എന്നാൽ 21 ഉം 22 ഉം ചട്ടങ്ങളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ആ ദിവസത്തിൽ തുടർച്ചയ്ക്കായി മാറ്റിവച്ച ഏതൊരു കാര്യവും ആ തരത്തിൽപ്പെട്ട കാര്യങ്ങൾക്കായി നീക്കിവച്ചിട്ടുള്ള അടുത്ത ദിവസത്തേക്ക് വയ്ക്കേണ്ടതും അവയ്ക്ക് ആ ദിവസത്തേക്ക് വച്ചിട്ടുള്ള മറ്റെല്ലാ കാര്യങ്ങളെക്കാളും മുൻഗണന ഉണ്ടായിരിക്കുന്നതുമാകുന്നു."

17(a) അനൗദ്യോഗിക ബില്ലുകൾ അവതരിപ്പിക്കാൻ നറുക്കെടുപ്പിനുള്ള അവസരം ലഭിക്കുന്ന അംഗങ്ങൾക്ക് ആ ദിവസം സഭ ചേരാതിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത അവസരം മറ്റൊരു ദിവസം ലഭിക്കുന്ന തരത്തിലുള്ള ഭേദഗതി, നടപടിക്രമത്തിൽ വരുത്തുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

**ചോദ്യങ്ങൾ (ചട്ടം 33)**

18. നിയമസഭാ ചോദ്യങ്ങളുമായി ബന്ധപ്പെട്ട് നക്ഷത്രചിഹ്നമിട്ട 30 ചോദ്യങ്ങളുടെ ഉത്തരം രാവിലെ 9.00 മണിക്ക് ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ മേശപ്പുറത്ത് വച്ചതായി പരിഗണിച്ച് ഉപചോദ്യങ്ങളിലേയ്ക്ക് നേരിട്ട് പോകാവുന്നതാണെന്ന നിർദ്ദേശത്തിന്മേൽ, സഭ ചേരുന്ന ദിവസം രാവിലെ 8.30 മണിക്ക് തന്നെ അതത് ദിവസത്തെ ചോദ്യപട്ടികയിലെ നക്ഷത്രചിഹ്നമിട്ട 30 ചോദ്യങ്ങളുടെയും ഉത്തരം e-niyamasabha portal-ൽ Upload ചെയ്യുന്നതിലൂടെ അവ സഭയിൽ അവതരിപ്പിച്ചതായി കരുതപ്പെടുമെന്ന വ്യവസ്ഥ ചട്ടങ്ങളിൽ ഉൾപ്പെടുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

19. ചോദ്യോത്തരവേളയിൽ ദീർഘമായ ഉത്തരങ്ങൾ സഭയിൽ വായിക്കുന്നത് ഒഴിവാക്കി മന്ത്രിമാർ നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ മേശപ്പുറത്തുവയ്ക്കുകയോ, ഉത്തരങ്ങളുടെ സംക്ഷിപ്തം വളരെ ചുരുക്കി അവതരിപ്പിക്കുകയോ ചെയ്യുന്നതിലൂടെ കൂടുതൽ ഉപചോദ്യങ്ങൾക്ക് അവസരം ലഭ്യമാകുമെന്നും, അംഗങ്ങൾ ഉപചോദ്യങ്ങൾ വളരെ ചുരുക്കി ചോദിക്കണമെന്നും, പ്രധാന ചോദ്യവുമായി ബന്ധപ്പെട്ട വിഷയത്തിലായിരിക്കണം ഉപചോദ്യം ചോദിക്കേണ്ടതെന്നും, ഉപചോദ്യങ്ങൾ സംബന്ധിച്ച ചട്ടം 45(2)-ലെ വ്യവസ്ഥകൾ കർശനമായി അംഗങ്ങൾ അനുവർത്തിക്കണമെന്നുമുള്ള നിർദ്ദേശങ്ങൾ സമിതി ശിപാർശ ചെയ്യുന്നു.

**ചോദ്യങ്ങളുടെ ആവർത്തനം [ചട്ടം 36(2)(എം)]**

20. നിലവിൽ "നേരത്തെ മറുപടി നൽകിയതോ മറുപടി നിഷേധിച്ചതോ ആയ ചോദ്യങ്ങൾ സാരാംശത്തിൽ ഒന്നുതന്നെയാണെങ്കിൽ അതിൽ ആവർത്തിക്കരുത്;" എന്നവിധം ചട്ടങ്ങളിലുള്ള വ്യവസ്ഥയ്ക്ക് കൂടുതൽ വ്യക്തത വരുത്തുന്നതിനായി "നേരത്തെ" എന്ന വാക്കിനുപകരം "നടപ്പ് സമ്മേളനത്തിൽ" എന്ന് ചേർത്തുകൊണ്ട് അനുബന്ധം I(4) ആയി ചേർത്തിരിക്കുന്ന പ്രകാരം ഭേദഗതി ചെയ്യുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

### മറുപടിയിലെ കാലതാമസം [ചട്ടം 47(2)]

21. ഒരു നിയമസഭാ കാലയളവിലെ ചോദ്യങ്ങൾക്ക് അടുത്ത നിയമസഭയുടെ കാലത്ത് മറുപടി നൽകുന്നതിൽ എന്തെങ്കിലും പ്രസക്തിയുണ്ടോയെന്നത് പരിശോധിക്കേണ്ടതുണ്ടെന്നും, സർക്കാരുകൾ തുടർച്ചയാണെങ്കിലും ഒരു സഭയുടെ കാലയളവിലെ ചോദ്യങ്ങൾ ആ സഭയുടെ കാലാവധി തീരുന്നതോടെ അപ്രസക്തമാകുമെന്നതിനാൽ അതത് സഭയുടെ കാലയളവിൽത്തന്നെ ചോദ്യങ്ങൾക്ക് ഉത്തരം ലഭിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### അടിയന്തരപ്രമേയം (ചട്ടം 50)

22. പൊതുപ്രാധാന്യമുള്ള വിഷയങ്ങൾ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുള്ള അടിയന്തരപ്രമേയവുമായി ബന്ധപ്പെട്ട ചട്ടം പരിഷ്കരിക്കുന്നത് സംബന്ധിച്ച് ദീർഘമായ ചർച്ച നടന്നു. ലോക്സഭയിൽ 'Adjournment Motion'-ന് അനുവർത്തിക്കുന്ന നടപടിക്രമങ്ങൾ കേരള നിയമസഭയിലും ബാധകമാക്കേണ്ടതുണ്ടോ എന്നത് സംബന്ധിച്ചും, കക്ഷിനേതാക്കൾ നടത്തുന്ന വാക്ക് ഔട്ട് പ്രസംഗങ്ങളുടെ സമയനിയന്ത്രണം സംബന്ധിച്ചും ചർച്ച നടന്നുവെങ്കിലും നിലവിലെ രീതി അനുവർത്തിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. 'Adjournment Motion' എന്ന പദത്തിന്റെ അർത്ഥം 'സഭ ഇപ്പോൾ പിരിയുന്നു' എന്നായതിനാൽ അതിന്റെ സമാന പദമായി ഉപയോഗിച്ചുവരുന്ന 'അടിയന്തര പ്രമേയം' എന്ന വാക്ക് ശരിയായ തർജ്ജമ അല്ലെന്നും സമിതി നിരീക്ഷിച്ചു.

### അവിശ്വാസ പ്രമേയം (ചട്ടം 63)

22. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളുടെ മലയാള പരിഭാഷയിൽ 'അവിശ്വാസ പ്രമേയം' എന്ന പ്രയോഗവുമായി ബന്ധപ്പെട്ട് നിലവിലുള്ള പിശക് പരിഹരിക്കുന്നതിനായി 'Non-confidence Motion' എന്നതിന്റെ മലയാള പരിഭാഷയായി 'അവിശ്വാസം രേഖപ്പെടുത്തുന്ന ഉപക്ഷേപം' എന്ന് ഉപയോഗിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്പീക്കറെയോ ഡെപ്യൂട്ടി സ്പീക്കറെയോ നീക്കം ചെയ്യുന്നതിനുള്ള പ്രമേയം (ചട്ടം 65)

23. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 65 അനുസരിച്ച് സ്പീക്കറെയോ, ഡെപ്യൂട്ടി സ്പീക്കറെയോ നീക്കം ചെയ്യുന്നതിനുള്ള പ്രമേയം നൽകാൻ ആഗ്രഹിക്കുന്ന അംഗം നിയമസഭാ സെക്രട്ടറിക്ക് നോട്ടീസ് നൽകേണ്ടതാണ്. പ്രസ്തുത പ്രമേയത്തിൽ സ്പീക്കർക്കെതിരായ ആരോപണം വ്യക്തമാക്കേണ്ടതാണെന്ന് 25-1-1990-ൽ ബഹു. സ്പീക്കർ റൂളിംഗ് നൽകിയിട്ടുണ്ടെങ്കിലും, ആയത് നിയമസഭാ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ സ്പീക്കറെയോ

ഡെപ്യൂട്ടി സ്പീക്കറെയോ നീക്കം ചെയ്യുന്നതിനുള്ള പ്രമേയത്തിന്റെ പൂർണ്ണരൂപം നോട്ടീസിനൊപ്പം ലഭ്യമാക്കണമെന്ന വിധത്തിലുള്ള നിബന്ധന ചട്ടം 65-ൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

24. ലോക്സഭാ ചട്ടങ്ങളിലെ "A member wishing to give notice of a resolution, under clause (c) of article 94 of the Constitution, for the removal of the Speaker or the Deputy Speaker shall do so in writing to the Secretary General and shall furnish the full text of such resolution." എന്ന ചട്ടം അനുബന്ധം I (5) ആയി ചേർത്തിരിക്കുന്ന പ്രകാരം ഉൾക്കൊള്ളിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

## ബില്ലുകൾ പ്രസിദ്ധപ്പെടുത്തൽ [ചട്ടം 69(5)]

25. നിയമസഭയുടെ പരിഗണനയ്ക്കായി വരുന്ന ബില്ലുകളുടെ പരിഭാഷ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള ചട്ടമനുസരിച്ച് ഒരു ബിൽ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നിടത്ത് അതിന്റെ ഇംഗ്ലീഷ് പരിഭാഷ ഭരണഘടനയുടെ അനുച്ഛേദം 348(3)-ന് അനുസൃതമായി ഗവർണറുടെ ആധികാരികതയ്ക്കുകീഴിൽ പ്രസിദ്ധീകരിക്കേണ്ടതും ബില്ലിന്റെ പകർപ്പുകൾ, ബില്ലിന്റെ അവതരണതീയതിക്കു മുമ്പ് അംഗങ്ങൾക്കിടയിൽ വിതരണം ചെയ്യേണ്ടതുമാണ്. ബിൽ ഇംഗ്ലീഷിൽ പ്രസിദ്ധീകരിക്കുന്നിടത്ത്, ബില്ലിന്റെ മലയാളം പരിഭാഷ പ്രസിദ്ധീകരിക്കുകയും ബിൽ അവതരിപ്പിക്കുന്ന തീയതിക്കു മുമ്പ് പകർപ്പുകൾ അംഗങ്ങൾക്കിടയിൽ വിതരണം ചെയ്യുകയും ചെയ്യേണ്ടതാണ്. ഇപ്രകാരമുള്ള പരിഭാഷ സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥ ചട്ടങ്ങളിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് വിലയിരുത്തിയ സമിതി പരിഭാഷ സമയബന്ധിതമായി ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് റെസ്പോൺസിബിലിറ്റി ഫിക്സ് ചെയ്യുന്ന വിധത്തിൽ ചട്ടങ്ങളിൽ വ്യവസ്ഥ ഉൾപ്പെടുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

26. കൂടാതെ, സഭയിൽ അവതരിപ്പിക്കുന്ന ബില്ലുകളെല്ലാം മലയാളത്തിൽ ആയിരിക്കണമെന്നും, മൂലനിയമം ഇംഗ്ലീഷിൽ ആണെങ്കിൽ അതിന്റെ ഭേദഗതി നിയമങ്ങൾ മാത്രം ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നതിന് അനുമതി നൽകുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

## ബില്ലുകളുടെ പ്രമാണീകരണം (ചട്ടം 98)

27. ബില്ലുകളുടെ പ്രമാണീകരണം സംബന്ധിച്ച് കേരള നിയമസഭാ ചട്ടങ്ങളിൽ പരാമർശിച്ചിട്ടില്ലെന്നും, എന്നാൽ മഹാരാഷ്ട്രയുടെ സഭാ ചട്ടങ്ങളിൽ ഇതു സംബന്ധിച്ച് കൃത്യമായ രീതി നിലവിലുണ്ടെന്നും സമിതി മനസ്സിലാക്കുകയും, അതിൻപ്രകാരം അനുബന്ധം I (6) ആയി ചേർത്തിരിക്കുന്ന പ്രകാരമുള്ള ഭേദഗതി വരുത്തുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

### പ്രമേയത്തിന്റെ രൂപം (ചട്ടം 117)

28. അദ്ധ്യായം XVI-ലെ പ്രമേയം സംബന്ധിച്ച നോട്ടീസുമായി ബന്ധപ്പെട്ട ചട്ടം 116 തന്നെയാണ് മന്ത്രിമാർക്കും ബാധകമായിട്ടുള്ളത് എന്നതിനാൽ നിലവിൽ സർക്കാർ പ്രമേയങ്ങൾക്ക് ബുള്ളറ്റിനിലും അജണ്ടയിലും 'ചട്ടം 118 അനുസരിച്ചുള്ള പ്രമേയം' എന്ന് പ്രതിപാദിക്കുന്നത് ഒഴിവാക്കുന്നതിനും, 'ചട്ടം 116 അനുസരിച്ചുള്ള പ്രമേയം' എന്നോ, 'ഗവൺമെന്റ് പ്രമേയം' എന്നോ പ്രതിപാദിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, ചട്ടം 118 - ലെ 'ഒരു മന്ത്രിക്കോ' എന്നീ വാക്കുകൾ ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

### പ്രമേയത്തിന്റെ ഭേദഗതികൾ (ചട്ടം 123)

29. ചട്ടം 123(1)-ൽ "പ്രമേയം അവതരിപ്പിച്ചതിനുശേഷം ഏതൊരംഗത്തിനും, പ്രമേയങ്ങളെ സംബന്ധിച്ച ചട്ടങ്ങൾക്ക് വിധേയമായി, പ്രമേയത്തിന് ഒരു ഭേദഗതി അവതരിപ്പിക്കാവുന്നതാണ്." എന്നതിലെ 'ഒരു ഭേദഗതി' എന്ന വാക്കിനുപകരം 'ഭേദഗതികൾ' എന്ന് ചേർക്കണമെന്ന ഭേദഗതി നിർദ്ദേശം (പ്രമേയങ്ങൾക്ക് ഒന്നിലധികം ഭേദഗതി സ്വീകരിക്കുന്ന കീഴ്‌വഴക്കം ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതിനായി) ചട്ടത്തിൽ അനുബന്ധം I (7) ആയി ചേർത്തിരിക്കുന്ന വിധം ഉൾപ്പെടുത്തുന്നതിന് ശിപാർശ ചെയ്യുന്നു.

### ധനാഭ്യർത്ഥനകൾ (ചട്ടം 140)

30. കേരള നിയമസഭയിൽ ധനാഭ്യർത്ഥനകൾ സഭയിൽ എപ്രകാരമാണ് അവതരിപ്പിക്കേണ്ടത് എന്നത് സംബന്ധിച്ച ചട്ടം 140 (3)-ൽ 'ചട്ടം 140(1), (2) എന്നിവയ്ക്ക് വിധേയമായി എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടേയും സബ്ജക്ട് കമ്മിറ്റിയുടേയും നിർദ്ദേശങ്ങൾ ഏതെങ്കിലുമുണ്ടെങ്കിൽ അവ പരിഗണിച്ചശേഷം ധനകാര്യമന്ത്രി നിശ്ചയിക്കുന്ന രൂപത്തിൽ ബഡ്ജറ്റ് അവതരിപ്പിക്കേണ്ടതാണ്.' എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. പ്രസ്തുത ചട്ടം 140(3) സംബന്ധിച്ച് സമിതി ചർച്ച ചെയ്തു. ധനാഭ്യർത്ഥനകളിലെ മാറ്റങ്ങൾ അതത് സമയങ്ങളിൽ എസ്റ്റിമേറ്റ്സ് കമ്മിറ്റിയെ അറിയിക്കാത്തത് സംബന്ധിച്ച് സഭയിൽ ക്രമപ്രശ്നം ഉന്നയിക്കപ്പെടുകയും ഇത് സംബന്ധിച്ച് വ്യത്യസ്ത റൂളിംഗുകൾ പലപ്പോഴും ഉണ്ടാകുകയും ചെയ്തിട്ടുള്ളതിനാൽ പ്രസ്തുത ചട്ടത്തിൽ കൂടുതൽ വ്യക്തത വരുത്തി ചട്ടം ശക്തിപ്പെടുത്തുന്ന വിധത്തിലുള്ള ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

31. കൂടാതെ, ധനാഭ്യർത്ഥനകളിൽ ഏതെങ്കിലും തരത്തിലുള്ള മാറ്റങ്ങൾ വരുത്തുമ്പോൾ ആയതിന് എസ്റ്റിമേറ്റ്സ്/സബ്ജക്ട് കമ്മിറ്റിയുടെ മുൻകൂർ അനുമതി നേടണമെന്നും അപ്രകാരം അംഗീകാരം ലഭിച്ചതിനുശേഷം ബഡ്ജറ്റിന്റെ ആമുഖത്തിൽ പ്രസ്തുത വിവരം ഉൾക്കൊള്ളിക്കുന്ന കീഴ്വഴക്കം ചട്ടത്തിൽ ഉൾപ്പെടുത്തുന്നതിന് സമിതി ശിപാർശ ചെയ്തു. ഇപ്രകാരമുള്ള നടപടിക്രമങ്ങൾ നിർബന്ധമായും കാലതാമസമില്ലാതെ പൂർത്തിയാക്കാൻ ആവശ്യമായ വ്യവസ്ഥ ചട്ടങ്ങളിൽ ഉൾക്കൊള്ളിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### പ്രിവിലേജ് പ്രശ്നത്തിന്റെ സ്വീകാര്യതയ്ക്കുള്ള വ്യവസ്ഥകൾ [ചട്ടം 156(1)]

32. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിൽ നിയമസഭാ അംഗങ്ങളുടെ പ്രിവിലേജ് പ്രശ്നവുമായി ബന്ധപ്പെട്ടുള്ള ചട്ടം 156(1)-ന്റെ മലയാള പരിഭാഷയിലെ പിശക് പരിഹരിക്കുന്നതിനായി "ഒരേ സമ്മേളനത്തിൽ ഒന്നിൽ കൂടുതൽ പ്രശ്നം ഉന്നയിക്കാൻ പാടുള്ളതല്ല;" എന്ന പ്രയോഗം "ഒരു ദിവസത്തെ യോഗത്തിൽ ഒന്നിൽ കൂടുതൽ പ്രശ്നം ഉന്നയിക്കാൻ പാടുള്ളതല്ല;" എന്നാക്കി മാറ്റുന്നതിന് [അനുബന്ധം 1 (8)] സമിതി ശിപാർശ ചെയ്യുന്നു.

### നിയമസഭാ കമ്മിറ്റികളുടെ നിയമനം (ചട്ടം 180)

33. നിയമസഭാ സമിതി യോഗങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിന് അംഗങ്ങളുടെ പങ്കാളിത്തം കൂടുതൽ ഉറപ്പാക്കുക എന്ന വിഷയം സമിതി പരിശോധിച്ചു. നിയമസഭാ സമിതി അംഗങ്ങൾ ബഹു. സ്പീക്കർ നോമിനേറ്റ് ചെയ്യുന്നവരായതിനാൽ സമിതി യോഗങ്ങളിൽ അൻപത് ശതമാനത്തിൽ കുറവ് ഹാജരായിട്ടുള്ള അംഗങ്ങളുടെ വിവരം ബഹു. സ്പീക്കർക്ക് റിപ്പോർട്ട് ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### കമ്മിറ്റിയുടെ ചെയർമാൻ (ചട്ടം 184)

34. നിയമസഭാ സമിതികളിൽ വനിതാ എം.എൽ.എ.-മാർ അദ്ധ്യക്ഷരാകാറുള്ളതിനാൽ നിയമസഭാ ചട്ടങ്ങളിൽ നിയമസഭാ സമിതികളുമായി ബന്ധപ്പെട്ട് 'Chairman' എന്ന് രേഖപ്പെടുത്തിയിട്ടുള്ള ഭാഗങ്ങളിൽ അത് 'Chairperson' എന്ന് ഭേദഗതി വരുത്തണമെന്ന് [അനുബന്ധം 1 (9)] സമിതി ശിപാർശ ചെയ്യുന്നു.

### കമ്മിറ്റി യോഗങ്ങളുടെ സ്വകാര്യത (ചട്ടം 191)

35. നിയമസഭാ സമിതി യോഗങ്ങളുടെ സ്വകാര്യതയുമായി ബന്ധപ്പെട്ട ചട്ടം 191-ന് നിർദ്ദേശിച്ചിരുന്ന "The sitting of a Committee shall be held in private. The Members and witnesses shall be permitted to attend Committee meeting through video conferencing, if the situation demands so:

Provided that no Member or official shall be allowed to attend the meeting through video conference if it is of in-camera nature" എന്ന ഭേദഗതി മീറ്റിംഗ് in-camera nature ആണെങ്കിൽ അംഗങ്ങളെ മുൻകൂട്ടി അറിയിക്കേണ്ടതാണ് എന്ന നിർദ്ദേശം കൂടി ഉൾപ്പെടുത്തി അനുബന്ധം I (10) ആയി ചേർത്തിരിക്കുന്ന പ്രകാരം സമിതി ശിപാർശ ചെയ്യുന്നു.

### കമ്മിറ്റി കൂടുമ്പോൾ അന്യരെല്ലാം പിൻവാങ്ങണമെന്ന് (ചട്ടം 193)

36. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 193-നായി നിർദ്ദേശിച്ചിരുന്ന "When a meeting is held through video conferencing, the Member or the Official concerned shall ensure confidentiality of the meeting." എന്ന ഭേദഗതി ചട്ടം 193 (2) ആയി പുതുതായി ഉൾപ്പെടുത്തുന്നതിന് [അനുബന്ധം I (11)] സമിതി ശിപാർശ ചെയ്തു.

### ആളുകളേയും പേപ്പറുകൾ, റിക്കാർഡുകൾ എന്നിവയേയും വരുത്താനുള്ള സമിതിയുടെ അധികാരം (ചട്ടം 195)

37. നിയമസഭാ സമിതി പ്രത്യേകം സമയപരിധി നിശ്ചയിച്ചിട്ടില്ലാത്തപക്ഷം, സമിതി റിപ്പോർട്ടിനായി സർക്കാരിന് കൈമാറുന്ന ഹർജി/നിവേദനത്തിന്മേൽ മറുപടി ലഭ്യമാക്കുന്നതിന് രണ്ടുമാസത്തെ സമയപരിധി നിർദ്ദേശിക്കുക, ഹർജിയിന്മേൽ രണ്ട് മാസത്തെ സമയപരിധിയ്ക്ക് ശേഷവും റിപ്പോർട്ട് ലഭ്യമാക്കിയില്ലെങ്കിൽ തെളിവെടുപ്പ് നടത്തുക, തെളിവെടുപ്പ് സമയത്ത് റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ കാലതാമസം നേരിട്ടതിന്റെ കാരണം വ്യക്തമാക്കുക, ആയത് സമിതി അംഗീകരിക്കാത്തപക്ഷം റിപ്പോർട്ടുകൾ ലഭ്യമാക്കാൻ കാലതാമസം വരുത്തിയ ഉദ്യോഗസ്ഥരെ സംബന്ധിച്ച് ബന്ധപ്പെട്ട കൺട്രോളിംഗ് ഓഫീസറിൽ നിന്ന് റിപ്പോർട്ട് ലഭ്യമാക്കി, കാലതാമസം വരുത്തിയ ഉദ്യോഗസ്ഥരുടെ Personal Liability എന്ന രീതിയിൽ പിഴയും ശിക്ഷയും നിർദ്ദേശിക്കുക എന്ന വിധം ഉൾപ്പെടുത്തുന്നതിനായി ശിപാർശ ചെയ്തിരുന്നതിലെ 'Personal Liability എന്ന രീതിയിൽ പിഴയും ശിക്ഷയും നിർദ്ദേശിക്കുക' എന്ന ഭാഗം ഒഴിവാക്കി 'സമിതിയുടെ ശിപാർശയനുസരിച്ച് ബന്ധപ്പെട്ട ഭരണവകുപ്പ് നടപടി സ്വീകരിച്ച് രണ്ട് മാസത്തിനുള്ളിൽ സമിതിക്ക് റിപ്പോർട്ട് ചെയ്യണം' എന്ന രീതിയിൽ [അനുബന്ധം I (12)] സമിതി ശിപാർശ ചെയ്യുന്നു.

39. ആയതിലേയ്ക്കായി ചട്ടം 195-ന് ഉപചട്ടം 195 (2) പുതുതായി കൂട്ടിചേർക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ചട്ടം 195 (2) - "The Statement of action taken by the Government on the petition/representation received from the Legislature Committee, shall be furnished by the officer concerned within two months from the date of receipt without fail, unless there is no time limit is specified."

40. ചട്ടം 195-ന് നിർദ്ദേശിച്ചിരിക്കുന്ന ഭേദഗതി പ്രകാരം സമിതികൾ ആവശ്യപ്പെടുന്ന മറുപടി ലഭ്യമാക്കുന്നതിന് രണ്ട് മാസമെന്ന വ്യക്തമായ കാലയളവ് നിർദ്ദേശിച്ചിരിക്കുന്നതിനാലും, പ്രസ്തുത കാലയളവിനുള്ളിൽ മറുപടി ലഭ്യമാക്കാത്തപക്ഷം ആയത് നിർദ്ദിഷ്ട ഉദ്യോഗസ്ഥന്റെ Personal Responsibility ആയി നിശ്ചയിച്ചിരിക്കുന്നതിനാലും, യഥാസമയം ലഭ്യമാക്കാത്ത റിപ്പോർട്ട് കാലതാമസ പത്രികയ്ക്കൊപ്പം ലഭ്യമാക്കാവുന്നതാണെന്ന വ്യവസ്ഥ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

**സ്പെഷ്യൽ റിപ്പോർട്ടുകൾ (ചട്ടം 201)**

41. നിയമസഭാ സമിതികൾ പ്രത്യേക താൽപര്യമെടുത്ത് പഠിക്കുന്ന ഗൗരവതരമായ വിഷയങ്ങൾ സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ടുകൾ അതേ സമിതിയുടെ കാലയളവിൽ തന്നെ സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുക, അല്ലാത്തപക്ഷം അക്കാലയളവിൽ ആയത് സംബന്ധിച്ച് ഒരു പ്രാഥമിക റിപ്പോർട്ടെങ്കിലും സഭയിൽ സമർപ്പിച്ചതിനുശേഷം തുടർന്നുള്ള കാര്യങ്ങൾ തുടർന്ന് രൂപീകരിക്കപ്പെടുന്ന സമിതി പരിശോധിക്കുക തുടങ്ങിയ കാര്യങ്ങൾ സമിതി ചർച്ച ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള ചട്ടത്തിന്റെ അവസാന ഭാഗത്ത് " and the report may, as far as possible, be presented during the tenure of that Committee or at least a preliminary report shall be presented within that tenure."  എന്ന് കൂട്ടിച്ചേർക്കാനും ശിപാർശ ചെയ്യുന്നു.

42. ചട്ടം 201-ന് ഉപചട്ടം 201 (2) ആയി "Every Legislature Committee shall present its annual performance report of each calendar year to the Assembly in the first session of the succeeding year." എന്ന ഉപചട്ടം കൂട്ടിചേർക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

**സബ്ജക്ട് കമ്മിറ്റികളുടെ രൂപീകരണം (ചട്ടം 233)**

43. നിയമസഭയുടെ സബ്ജക്ട് കമ്മിറ്റികൾ പരിഗണിക്കുന്ന വിഷയം സമിതി അദ്ധ്യക്ഷന്റെയോ എക്സ്-ഒഫിഷ്യോ അംഗങ്ങളുടെയോ അധികാര പരിധിയിൽപ്പെടാത്തതും, മറ്റൊരു മന്ത്രിയുടെ അധികാര പരിധിയിൽപ്പെടുന്നതുമാണെങ്കിൽ ആ വിഷയം പരിഗണിക്കുന്ന സമിതി യോഗത്തിൽ പ്രസ്തുത മന്ത്രിയെ പ്രത്യേകം ക്ഷണിക്കാമെന്നുള്ള 20-2-2004 - ലെ ബഹു. സ്പീക്കറുടെ 19 - ാം നമ്പർ നിർദ്ദേശമായ

“In cases where a Minister is not an ex-officio member of a particular Subject Committee in which subjects under his portfolio are considered, he can also be invited and can attend that particular meeting of that Subject Committee as a special invitee.” എന്നതിലെ "..., he can also be invited and can attend that particular meeting...” എന്നതിനുപകരം ".., he shall be invited to that particular meeting...” എന്ന വിധത്തിൽ ചട്ടം 233(2)-ന്റെ ക്ലിപ്ത നിബന്ധനയിൽ കൂട്ടിചേർക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

**സബ്ജക്ട് കമ്മിറ്റിയുടെ കർത്തവ്യങ്ങൾ (ചട്ടം 235)**

44. നിയമസഭാ സബ്ജക്ട് കമ്മിറ്റികളുടെ ആഭ്യന്തര പ്രവർത്തന ചട്ടങ്ങളിലെ ചട്ടം 13 പ്രകാരം, നിയമസഭാ നടപടിക്രമത്തിലെ ചട്ടം 235 (1)(v)(a) മുതൽ (e) വരെയുള്ള വിഷയങ്ങൾ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റികളിൽ ചർച്ച ചെയ്യുന്നതിനുള്ള സമയ വിവരപ്പട്ടിക സഭാ നേതാവ്, പ്രതിപക്ഷ നേതാവ് എന്നിവരുമായി കൂടിയാലോചിച്ച് സ്പീക്കർ തീരുമാനിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. പ്രസ്തുത വ്യവസ്ഥ ചട്ടം 235 (V)-ന്റെ തുടക്കത്തിൽ കൂട്ടിചേർക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

45. സബ്ജക്ട് കമ്മിറ്റി യോഗങ്ങളിൽ ഡെപ്യൂട്ടി സെക്രട്ടറി പദവിക്ക് താഴെയുള്ള ഉദ്യോഗസ്ഥർ ഹാജരാകാൻ പാടില്ലായെന്ന 7-2-1983-ലെ ബഹു. സ്പീക്കറുടെ 7- ാം നമ്പർ നിർദ്ദേശമായ

“Only Special Secretaries/Secretaries/Commissioners and Head of Departments (Managing Director in the case of an industry/corporation) shall attend Subject Committees. The officers not below the rank of a Deputy Secretary, may also attend, where considered necessary.” എന്നത് പുതിയ ഉപചട്ടമായി ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

46. സബ്ജക്ട് കമ്മിറ്റികൾ അംഗീകാരം നൽകിയ കരട് ചട്ടങ്ങളിലോ സാധൂകരിച്ച ചട്ടങ്ങളിലോ സർക്കാർ വരുത്തുന്ന ഏതൊരു ഭേദഗതിയും എസ്.ആർ.ഒ. ആയി പ്രസിദ്ധപ്പെടുത്തേണ്ടതും അവ ബന്ധപ്പെട്ട കമ്മിറ്റികളുടെ സാധൂകരണത്തിന് സമർപ്പിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്ന ബഹു. സ്പീക്കറുടെ 12-8-2008-ലെ 22- ാം നമ്പർ നിർദ്ദേശമായ

“ When a statutory rule which has already been approved in draft form or ratified in the notified form is subjected to an amendment, such additions or omissions shall be published as S.R.O.s and shall be transmitted to the appropriate Subject Committee for ratification. If such notifications have been issued in exigency, a statement showing reason thereof shall also be submitted." എന്നത് സബ്ജക്ട് കമ്മിറ്റികൾ അംഗീകാരം നൽകിയ കരട് ചട്ടങ്ങളിലോ സാധൂകരിച്ച ചട്ടങ്ങളിലോ സർക്കാർ ഭേദഗതി വരുത്തുന്നതിന് മുൻപ് സബ്ജക്ട് കമ്മിറ്റിയുടെ അനുവാദം നേടി എസ്.ആർ.ഒ. പുറപ്പെടുവിക്കുന്ന രീതി കൂടി കൂട്ടിച്ചേർത്ത് പുതിയ ഉപചട്ടമായി ചട്ടം 238-ൽ ഉൾപ്പെടുത്തുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

### ധനാഭ്യർത്ഥനകൾ സംബന്ധിച്ച അധികാരങ്ങൾ (ചട്ടം 236)

47. നിയമസഭാ സബ്ജക്ട് കമ്മിറ്റികളുടെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി പത്രികകൾ സമർപ്പിക്കുന്നതിന് നിലവിൽ ചട്ടങ്ങളിൽ കാലാവധി പരാമർശിക്കുന്നില്ലായെന്ന് വിലയിരുത്തിയ സമിതി ആയത് സർക്കാർ വകുപ്പുകൾ മൂന്നു മാസത്തിനുള്ളിൽ സബ്ജക്ട് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണെന്ന വിധത്തിലുള്ള വ്യവസ്ഥ ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതിന് ശിപാർശ ചെയ്യുന്നു.

### സ്റ്റാറ്റ്യൂട്ടറി ചട്ടങ്ങൾ സംബന്ധിച്ച അധികാരങ്ങൾ (ചട്ടം 238)

48. നിലവിൽ കരട് ചട്ടങ്ങളേക്കാൾ കൂടുതൽ വിജ്ഞാപനം ചെയ്ത ചട്ടങ്ങളാണ് സബ്ജക്ട് കമ്മിറ്റികളിൽ സമർപ്പിക്കപ്പെടുന്നതെന്നും എന്നാൽ അവ പുറപ്പെടുവിച്ച് മുപ്പത് ദിവസത്തിനകം സബ്ജക്ട് കമ്മിറ്റിയ്ക്ക് ലഭ്യമാക്കണമെന്ന വ്യവസ്ഥ മിക്കപ്പോഴും പാലിക്കപ്പെടാറില്ലെന്നും നിരീക്ഷിച്ച സമിതി, സബ്ജക്ട് കമ്മിറ്റിയുടെ മുൻകൂർ പരിശോധനയ്ക്ക് വിധേയമാക്കാതെ, അടിയന്തര സാഹചര്യം കണക്കിലെടുത്ത് സർക്കാർ പുറപ്പെടുവിക്കുന്ന ചട്ടങ്ങൾ അവ ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ മുപ്പത് ദിവസത്തിനകം സബ്ജക്ട് കമ്മിറ്റിയ്ക്ക് ലഭ്യമാക്കേണ്ടതാണെന്ന വ്യവസ്ഥ ചട്ടങ്ങളിൽ ഉൾപ്പെടുത്തണമെന്നും, നിർദ്ദിഷ്ട മുപ്പത് ദിവസം കഴിഞ്ഞ് കാലതാമസപത്രികയ്ക്കൊപ്പം ചട്ടങ്ങൾ സമർപ്പിക്കാമെന്ന വ്യവസ്ഥ ചട്ടങ്ങളിൽ നിന്നും ഒഴിവാക്കണമെന്നും ശിപാർശ ചെയ്യുന്നു. സബോർഡിനേറ്റ് ലെജിസ്ലേഷൻ, മേശപ്പുറത്ത് വച്ച കടലാസുകൾ സംബന്ധിച്ച സമിതി എന്നിവ സംബന്ധിച്ച ചട്ടം 166 (എ) പ്രകാരമുള്ള ചട്ടങ്ങൾ നിയമസഭാ സെക്രട്ടറിയേറ്റിൽ ലഭ്യമാക്കേണ്ടുന്ന കാലയളവും, കാലതാമസപത്രിക സംബന്ധിച്ച നിബന്ധനയും സമാനമായി ഭേദഗതി ചെയ്യേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

49. കൂടാതെ, ഒരു വകുപ്പുമായി ബന്ധപ്പെട്ട് സഭയിൽ സമർപ്പിച്ച കരട് ചട്ടത്തിന് ഒരംഗം ഭേദഗതി നിർദ്ദേശിക്കുകയും സഭ അത് പാസ്സാക്കുകയും ചെയ്തശേഷം, പ്രസ്തുത ഭേദഗതി മറികടക്കുന്നതിനായി അതേ വകുപ്പ് മറ്റൊരു ചട്ടം പുറപ്പെടുവിക്കുന്നതുപോലുള്ള സാഹചര്യം ഒഴിവാക്കുന്നതിനുള്ള വ്യവസ്ഥ ചട്ടങ്ങളിൽ ഉൾപ്പെടുത്തേണ്ടതാണെന്ന നിർദ്ദേശം ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

50. നിലവിൽ, അടിയന്തര സാഹചര്യങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ചട്ടങ്ങൾ അംഗീകരിക്കണമെന്നതാണ് വ്യവസ്ഥയെങ്കിലും ഇപ്രകാരമുള്ള ചട്ടങ്ങൾ സബ്ജക്ട് കമ്മിറ്റിയുടെ അംഗീകാരത്തിനായി വരുമ്പോൾ ആവശ്യമായ ഭേദഗതികൾ ഉൾപ്പെടുത്തി മാത്രം അംഗീകാരം നൽകുന്നതാകും ഉചിതമെന്ന് സമിതി നിരീക്ഷിക്കുകയും, ആയതിനാൽ സാധൂകരണത്തിന് ലഭ്യമാക്കുന്ന ചട്ടങ്ങളിന്മേൽ സമിതിക്ക് ഭേദഗതി വരുത്താനുള്ള അധികാരമുണ്ടാകുന്ന വിധത്തിലുള്ള വ്യവസ്ഥ ചട്ടങ്ങളിൽ ഉൾപ്പെടുത്താവുന്നതാണെന്ന നിർദ്ദേശം ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

51. ചട്ടങ്ങൾ സാധൂകരിക്കുന്ന വേളയിൽ, സബ്ജക്ട് കമ്മിറ്റികൾ നിർദ്ദേശിക്കുന്ന ഭേദഗതികൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള തിരുത്തൽ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടില്ലാത്തതിനാൽ ആയത് നീണ്ടുപോകുന്ന സാഹചര്യമുണ്ടെന്ന് സമിതി നിരീക്ഷിച്ചു. ആയതിന്മേൽ ഇപ്രകാരമുള്ള ഭേദഗതി നിർദ്ദേശിക്കുന്ന തീയതി മുതൽ 30 ദിവസത്തിനകം തിരുത്തൽ വിജ്ഞാപനം സമിതിക്ക് ലഭ്യമാക്കണമെന്ന വ്യവസ്ഥ ചട്ടങ്ങളിൽ ഉൾപ്പെടുത്താവുന്നതാണെന്ന നിർദ്ദേശം ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## കമ്മിറ്റിയുടെ കാലാവധി (ചട്ടം 261 എച്ച്)

52. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി ഒഴികെയുള്ള ധനകാര്യ സമിതികൾക്ക് 30 മാസ കാലാവധി ചട്ടങ്ങളിൽ പ്രതിപാദിക്കുന്നുവെന്നും, മറ്റ് കമ്മിറ്റികൾക്ക് നിശ്ചിത കാലാവധി ചട്ടങ്ങളിൽ പരാമർശിച്ചിട്ടില്ല എന്ന വസ്തുത സമിതി ചർച്ച ചെയ്യുകയും, ധനകാര്യ സമിതിയായ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ കാലാവധിയും 30 മാസമാണെന്ന നിബന്ധന ചട്ടത്തിൽ ഉൾപ്പെടുത്തി ചട്ടം 261 എച്ച്-ന്റെ ആദ്യഭാഗം അനുബന്ധം I (14) ആയി ചേർത്തിരിക്കുന്ന പ്രകാരം ഭേദഗതി ചെയ്യുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

## നടപടിക്രമം സംബന്ധിച്ച സാമാന്യചട്ടങ്ങൾ (അദ്ധ്യായം XXV)

53. നടപടിക്രമം സംബന്ധിച്ച സാമാന്യചട്ടങ്ങൾ, അദ്ധ്യായം XXV-മായി ബന്ധപ്പെട്ട് ഇപ്പോഴുള്ള ന്യൂനതകൾ പരിഹരിക്കുന്നതിനായി ആയതിലെ വിവിധ ചട്ടങ്ങളിൽ താഴെപ്പറയുന്ന പ്രകാരമുള്ള ഭേദഗതികൾ വരുത്തുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

i) ചട്ടം 265-ലെ 'and 3 pm' എന്ന വാക്കിനുശേഷം 'or through online till 3 pm' എന്നീ വാക്കുകൾ കൂട്ടി ചേർക്കേണ്ടതാണ്. [അനുബന്ധം I (15)]

ii) ചട്ടം 266-ന്റെ മാർജിനൽ ശീർഷകമായ "Restriction on Publicity of notices" എന്നതിന് പകരം "Prohibition of advance publicity of notices" എന്ന് ചേർക്കുക. [അനുബന്ധം I (16)]

iii) ചട്ടം 268-ന്റെ ക്ലിപ്ത നിബന്ധനയിലെ 'Constitution' എന്ന വാക്കിനുശേഷമുള്ള 'കോമ ചിഹ്നം' ഒഴിവാക്കേണ്ടതാണ്. [അനുബന്ധം I (17)]

iv) ചട്ടം 281-ന്റെ മാർജിനൽ ശീർഷകമായ "Rules to be observed by members while present in the Assembly" എന്നതിന് പകരം "Rules to be observed by members in the Assembly" എന്ന് ചേർക്കുക. [അനുബന്ധം I (18)]

v) ചട്ടം 297-ന്റെ മാർജിനൽ ശീർഷകമായ "Procedure when a Minister discloses source of advice or opinion given to him" എന്നതിന് പകരം "Document containing advice or opinion disclosed to be laid" എന്ന് ചേർക്കുക. [അനുബന്ധം I (19)]

vi) ചട്ടം 302-ന്റെ മാർജിനൽ ശീർഷകമായ "Power to order withdrawal of member" എന്നതിന് പകരം "Power to order withdrawal of member and to suspend the sitting" എന്ന് ചേർക്കുക. [അനുബന്ധം I (20)]

vii) ചട്ടം 312-ലെ 'and of its Committees.' എന്നീ വാക്കുകൾ ഒഴിവാക്കേണ്ടതാണ്. [അനുബന്ധം I (21)]

viii) ചട്ടം 313-ന്റെ അവസാനഭാഗത്ത് 'or for a specific period.' എന്നീ വാക്കുകൾ കൂട്ടി ചേർക്കുക. [അനുബന്ധം I (22)]

**പൊതുമേഖലാ സ്ഥാപനങ്ങളുടെ പട്ടിക (നാലാം പട്ടിക)**

54. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുമായി ബന്ധപ്പെട്ട നാലാം പട്ടികയിലെ കാറ്റഗറി എഫ്-സഹകരണ സംഘങ്ങൾ എന്ന തലക്കെട്ടിന് കീഴിൽ 135 - ാം ക്രമനമ്പരായി ഉൾപ്പെടുത്തിയിരിക്കുന്ന 'മാളാ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ, തൃശ്ശൂർ'-ന് പകരം 'കെ. കരുണാകരൻ മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ്, തൃശ്ശൂർ' എന്ന് പുനർനാമകരണം ചെയ്യുന്നതിനും, പുതിയതായി കൂട്ടിച്ചേർത്ത 137- ാം ക്രമനമ്പർ റദ്ദാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

## പൊതുവായ ശിപാർശകൾ

55. നിലവിലെ നിയമസഭാ ചട്ടങ്ങളുടെ മലയാള പരിഭാഷയിൽ പ്രമേയം, ഉപക്ഷേപം എന്നീ പദങ്ങളുടെ പ്രയോഗവുമായി ബന്ധപ്പെട്ട് പരിഭാഷ കാരണം ഉണ്ടായിട്ടുള്ള അവ്യക്തതകൾ പരിഹരിക്കുന്നതിനായി മലയാള പരിഭാഷയുടെ അദ്ധ്യായം XIV, നിയമനിർമ്മാണം - ലെ ചട്ടങ്ങളിൽ ചട്ടം 70, 71, 76, 77, 78, 79, 80, 91, 92, 94, 95, 96, 100, 101, 102, 104, 105 എന്നിവയിലെ 'പ്രമേയം' എന്ന വാക്കിന് പകരം 'ഉപക്ഷേപം' എന്നും, ധനകാര്യ ബിൽ സംബന്ധിച്ച ചട്ടം 153 A (2)-ലെ 'പ്രമേയം' എന്ന വാക്കിന് പകരം 'ഉപക്ഷേപം' എന്നും, ചട്ടം 65(2)-ലെ 'അനുവാദത്തിനുവേണ്ടിയുള്ള പ്രമേയം' എന്നീ വാക്കുകൾക്ക് പകരം 'അനുവാദത്തിനുവേണ്ടിയുള്ള ഉപക്ഷേപം' എന്നും, ചട്ടം 171, 230, 290, 313 എന്നിവയിലെ 'പ്രമേയം' എന്ന വാക്കിന് പകരം 'ഉപക്ഷേപം' എന്നും ഉപയോഗിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

56. നിയമസഭയിലെ ധനകാര്യ സമിതികളുടെ രൂപീകരണം സംബന്ധിച്ച് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നുണ്ടെങ്കിലും അപ്രകാരം ചെയ്യണമെന്ന വ്യവസ്ഥ ചട്ടങ്ങളിൽ നിലവിലില്ല എന്നും, ഇതര നിയമസഭാ സമിതികളുടെ രൂപീകരണം സംബന്ധിച്ച് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കാറില്ലെന്നുമുള്ള വസ്തുത മനസ്സിലാക്കിയ സമിതി ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതുമായി ബന്ധപ്പെട്ട ചട്ടം സമിതികളുടെ ആഭ്യന്തര പ്രവർത്തന ചട്ടങ്ങളിൽ ഉൾപ്പെടുത്തണമെന്നും, എല്ലാ കമ്മിറ്റികൾക്കും വെവ്വേറെ ഗസറ്റ് വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുന്നതിന് പകരം പൊതുവായി ഒരു ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതാകും ഉചിതമെന്നും ശിപാർശ ചെയ്തു.

57. നിയമസഭാ സമിതികൾക്ക് ലഭിക്കുന്ന പരാതികളിലെ വ്യാജപരാതികൾ ഒഴിവാക്കുന്നതിനായി ക്ഷേമസമിതികളിൽ ഹർജി സമർപ്പിക്കുന്ന പരാതിക്കാരുടെ ഐഡന്റിറ്റി രേഖപ്പെടുത്തുന്നതിനുള്ള പ്രത്യേക കോളങ്ങൾ ഉൾപ്പെടുത്തി നിശ്ചിത ഫോറം പരിഷ്കരിക്കുന്നതിന് ശിപാർശ ചെയ്യുന്നു.

## പുതിയ നിയമസഭാ സമിതികളുടെ രൂപീകരണവുമായി ബന്ധപ്പെട്ട ശിപാർശകൾ

58. ത്രിതല പഞ്ചായത്തുകൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, യൂണിവേഴ്സിറ്റികൾ, ക്ഷേമനിധി ബോർഡുകൾ, വികസന അതോറിറ്റികൾ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, ബാലഭവനുകൾ, സ്പോർട്സ് കൗൺസിലും അനുബന്ധ സ്ഥാപനങ്ങളും, ലളിതകലാ അക്കാദമി, ആശുപത്രി വികസന സമിതികൾ, ചാരിറ്റബിൾ എൻഡോവ്മെന്റ് ഫണ്ടുകൾ, ദേവസ്വം ബോർഡ് തുടങ്ങിയ വിവിധ സ്ഥാപനങ്ങളുടെയും കണക്കുകൾ പരിശോധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ തയ്യാറാക്കി ധനകാര്യവകുപ്പ് മുഖേന സഭയിൽ സമർപ്പിക്കുന്ന സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളും ഇതിനുപുറമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച് കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ സഭയിൽ സമർപ്പിക്കുന്ന റിപ്പോർട്ടിലെ ഓഡിറ്റ് പരാമർശങ്ങളും പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കുകയാണ് ധനകാര്യ സമിതിയായ ലോക്കൽ ഫണ്ട്

അക്കൗണ്ട്സ് കമ്മിറ്റി ചെയ്യുന്നത്. സഭാസമ്മേളനകാലം ഒഴികെയുള്ള മാസങ്ങളിൽ പ്രതിമാസം 4 യോഗങ്ങൾ വീതം സമിതിയുടെ 30 മാസ കാലയളവിൽ പരമാവധി 75 യോഗങ്ങൾ ചേർന്നാൽപോലും ഓഡിറ്റ് പരാമർശങ്ങളുടെ പരിഗണനയ്ക്കും സ്ഥല സന്ദർശനങ്ങൾക്കും ഉൾപ്പെടെ 60 യോഗദിനങ്ങളും സമിതി ശിപാർശയിന്മേൽ സ്വീകരിച്ച നടപടികൾ, യോഗങ്ങളിൽ സമിതി ആരായുന്ന അധികവിവരങ്ങൾ എന്നിവ പരിഗണിക്കുന്നതിന് വെറും 15 യോഗദിനങ്ങളും മാത്രമേ ലഭിക്കുകയുള്ളൂവെന്ന് സമിതി നിരീക്ഷിച്ചു.

59. ഇപ്രകാരം ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സമിതിയിൽ നിരവധി ഫയലുകൾ തീർപ്പുകൽപ്പിക്കാനുണ്ടെന്ന വസ്തുത വിലയിരുത്തിയ സമിതി, നിലവിലുള്ള ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയെ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെയും സി.&എ.ജി.-യുടെയും റിപ്പോർട്ടുകളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ മാത്രം പരിശോധിക്കുന്നതിനുള്ള ചുമതല നൽകുന്ന രീതിയിൽ ചട്ടം ഭേദഗതി ചെയ്യുന്നതിനും, സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒഴികെയുള്ള മറ്റു വിവിധ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ പരിശോധിക്കുന്നതിനായി ഒരു പുതിയ നിയമസഭാ സമിതി രൂപീകരിക്കുന്നതിനും ശിപാർശ ചെയ്യുന്നു.

60. കാർഷിക അധിഷ്ഠിത ഉപജീവന മാർഗ്ഗങ്ങൾ നിലനിർത്താനും പോഷിപ്പിക്കാനും കഴിയുന്ന മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും, കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് ക്രിയാത്മകമായ നയ നിർദ്ദേശങ്ങൾ നൽകുന്നതിനും, കർഷകരെ ലക്ഷ്യമിടുന്ന ഭരണ നടപടികൾ നിരീക്ഷിക്കുന്നതിനും ഒരു സമർപ്പിത ഫോറം ആവശ്യമാണെന്നും, ഈ ഫോറം ജനാധിപത്യപരമായതാവണമെന്നും നിരീക്ഷിച്ച സമിതി, കാർഷിക രംഗത്തെ പുരോഗതി വിലയിരുത്തുക, കർഷകരുടെ അവകാശ സംരക്ഷണം ഉറപ്പാക്കുക, കർഷകരുടെ പ്രശ്നങ്ങൾ കേൾക്കുക, പരിഹാരം നിർദ്ദേശിക്കുക, സർക്കാർ പദ്ധതികളുടെ പ്രയോജനങ്ങൾ കൃത്യമായി കർഷകരിൽ എത്തുന്നുണ്ടോ എന്ന് പരിശോധിക്കുക, സർക്കാരിലേയ്ക്ക് നിർദ്ദേശങ്ങളും ശിപാർശകളും സമർപ്പിക്കുക എന്നിങ്ങനെ കാർഷികരംഗത്ത് ജനാധിപത്യത്തിലൂന്നിയുള്ള സർക്കാരിന്റെ ഉത്തരവാദിത്ത നിർവ്വഹണത്തിന് കൂടുതൽ കരുത്തേകുക എന്ന ലക്ഷ്യത്തോടെ കർഷക-കർഷകത്തൊഴിലാളി ക്ഷേമം സംബന്ധിച്ച ഒരു നിയമസഭാ സമിതി പുതിയതായി രൂപീകരിക്കുന്നതിന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

61. സഹകരണ അക്കൗണ്ട്സ് സംബന്ധിച്ച നിയമസഭാ ധനകാര്യസമിതിയുടെ രൂപീകരണം, ഐ.ടി. വ്യവസായം, കേന്ദ്രാവിഷ്കൃത-കേന്ദ്രസഹായ പദ്ധതികൾ, വൻകിട വികസന പദ്ധതികൾ മുതലായവ പരിശോധിക്കുന്നതിനുള്ള സംവിധാനം വിഷയനിർണ്ണയ സമിതികളിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച നിർദ്ദേശം, പുതിയ സമിതി രൂപീകരണവുമായി ബന്ധപ്പെട്ട മറ്റ് നിർദ്ദേശങ്ങൾ എന്നിവയിന്മേൽ നിലവിലുള്ള നിയമസഭാ സമിതികളുടെ

പ്രവർത്തനങ്ങൾ പരിശോധിച്ച് വിലയിരുത്തി കൂടുതൽ ചുമതലകൾ നൽകാൻ കഴിയുന്ന സമിതികളെ കണ്ടെത്തി പുതിയ പരിഗണനാ വിഷയങ്ങൾ കൂട്ടിച്ചേർക്കുന്ന കാര്യം പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ഉപസംഹാരം**

62. പതിനാലാം കേരള നിയമസഭയുടെ കാലയളവിലെ റൂൾസ് കമ്മിറ്റി, ചട്ട ഭേദഗതി നിർദ്ദേശിച്ചുകൊണ്ട് സമർപ്പിച്ച രണ്ടാമത് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നിയമസഭാ ചട്ടങ്ങളിൽ അവസാനമായി പ്രകടമായ ഭേദഗതി ഉണ്ടായിട്ടുള്ളത്. നിയമസഭയിലെ ജനാധിപത്യ പ്രക്രിയയിലൂടെ ജനങ്ങളുടെ മെച്ചപ്പെട്ട ജീവിതം സുസാദ്ധ്യമാക്കുന്നതിനുള്ള പരിശ്രമമാണ് നടക്കുന്നത്. അതിനാൽ കാലത്തിന്റെ ഗതിവേഗങ്ങൾക്കനുസരിച്ചുള്ള മാറ്റങ്ങളും പരിഷ്കരണങ്ങളും നിശ്ചയമായും നിയമസഭാ ചട്ടങ്ങളിലും പ്രതിഫലിക്കേണ്ടതുണ്ട്. ജനാധിപത്യത്തിന്റെ നിർവ്വചനങ്ങൾക്ക് പൂർണ്ണ അർത്ഥം നൽകുന്നതിനായി സാമാജികർക്കും, സഭയ്ക്ക് ആകെയും ജനങ്ങളോടുള്ള പ്രതിബദ്ധത പ്രതിഫലിപ്പിക്കുന്ന വിധത്തിൽ ചട്ടങ്ങൾ പരിഷ്കരിക്കപ്പെടണമെന്നാണ് സമിതി ആഗ്രഹിച്ചത്. ഈ റിപ്പോർട്ടിലെ ഭേദഗതി നിർദ്ദേശങ്ങളും, കൂട്ടിച്ചേർക്കലുകളും പിശക് തിരുത്തലുകളും വിശദമായ ചർച്ചക്ക് ശേഷം ഉരിത്തിരിഞ്ഞ ശിപാർശകളാണ്. ആയതിനാൽ ഈ റിപ്പോർട്ടിലൂടെ മാറുന്ന കാലഘട്ടത്തിന്റെ സ്പന്ദനങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പരിഷ്കരിക്കപ്പെടുന്ന ചട്ടങ്ങൾ നിയമസഭയുടെയും, നിയമസഭാ സമിതികളുടെയും പ്രവർത്തനങ്ങൾ കൂടുതൽ സമഗ്രവും, സൂക്ഷ്മവും, കാലാനുസൃതവുമാക്കി മാറ്റും എന്ന് പ്രത്യാശിക്കുന്നു.

കെ.രാധാകൃഷ്ണൻ,

(ബഹു. പട്ടികജാതി, പട്ടികവർഗ്ഗ,
പിന്നോക്കവിഭാഗ ക്ഷേമ-ദേവസ്വവും
പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)

തിരുവനന്തപുരം,
9-8-2023.

*ചെയർമാൻ,*
*നിയമസഭാ നടപടിക്രമങ്ങളുടെ*
*പരിഷ്കരണത്തിനായുള്ള*
*അഡ്ഹോക് കമ്മിറ്റി.*

<u>അനുബന്ധം I</u>

**ഭേദഗതി നിർദ്ദേശിക്കപ്പെട്ട ചട്ടങ്ങൾ**

| നമ്പർ | ചട്ടം | നിലവിലുള്ള വ്യവസ്ഥ | നിർദ്ദേശിക്കപ്പെട്ട ഭേദഗതി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 2(1) | "Online means the mode of submitting or retrieving notices, information and documents from anywhere at any time using the login credentials through the digital platforms provided by the Kerala Legislative Assembly" | "Online means the mode of submitting or retrieving notices, information and documents from anywhere at any time <u>specified by Kerala Legislature Secretariat or Kerala Legislative Assembly</u> using the login credentials through the digital platforms provided by the Kerala Legislative Assembly." |
| 2 | 5 | "സത്യപ്രതിജ്ഞ അഥവാ സത്യ വാചകം" | "ശപഥം അല്ലെങ്കിൽ പ്രതിജ്ഞ" |
| 3 | 10 | " 10. ഡെപ്യൂട്ടി സ്പീക്കറുടെയോ അദ്ധ്യക്ഷം വഹിക്കുന്ന മറ്റ് അംഗത്തിന്റെയോ അധികാരം " | " 10. അദ്ധ്യക്ഷം വഹിക്കുന്ന ഡെപ്യൂട്ടി സ്പീക്കറുടെയോ മറ്റ് അംഗത്തിന്റെയോ അധികാരങ്ങൾ " |
| 4 | 36 (2) (എം) | "നേരത്തെ മറുപടി നൽകിയതോ മറുപടി നിഷേധിച്ചതോ ആയ ചോദ്യങ്ങൾ സാരാംശത്തിൽ ഒന്നുതന്നെയാണെങ്കിൽ അതിൽ ആവർത്തിക്കരുത്;" | "നടപ്പ് സമ്മേളനത്തിൽ മറുപടി നൽകിയതോ മറുപടി നിഷേധിച്ചതോ ആയ ചോദ്യങ്ങൾ സാരാംശത്തിൽ ഒന്നുതന്നെയാണെങ്കിൽ അതിൽ ആവർത്തിക്കരുത്;" |
| 5 | 65 | "A member wishing to give notice of a resolution, under clause (c) of article 179 of the Constitution for the removal of the Speaker or the Deputy Speaker shall do so in writing or online to the Secretary." | "A member wishing to give notice of a resolution, under clause (c) of article 179 of the Constitution for the removal of the Speaker or the Deputy Speaker shall do so in writing or online to the Secretary and shall furnish the full text of such resolution." |

| (1) | (2) | (3) | (4) |
|---|---|---|---|
| 6 | 98 | "When a Bill is passed by the Assembly, the Bill shall be signed by the Speaker and presented to the Governor." | "After a Bill is passed by the Assembly, the Speaker shall sign a certificate in the Bill in the following form :—<br>'This Bill was passed by the Legislative Assembly of the State of Kerala on the ........ day of ................................ 20...<br>Speaker' " |
| 7 | 123 (1) | "പ്രമേയം അവതരിപ്പിച്ചതിനുശേഷം ഏതൊരംഗത്തിനും, പ്രമേയങ്ങളെ സംബന്ധിച്ച് ചട്ടങ്ങൾക്ക് വിധേയമായി, പ്രമേയത്തിന് ഒരു ഭേദഗതി അവതരിപ്പിക്കാവുന്നതാണ്." | "പ്രമേയം അവതരിപ്പിച്ചതിനുശേഷം ഏതൊരംഗത്തിനും, പ്രമേയങ്ങളെ സംബന്ധിച്ച് ചട്ടങ്ങൾക്ക് വിധേയമായി, പ്രമേയത്തിന് ഭേദഗതികൾ അവതരിപ്പിക്കാവുന്നതാണ്." |
| 8 | 156 (i) | "ഒരേ സമ്മേളനത്തിൽ ഒന്നിൽ കൂടുതൽ പ്രശ്നം ഉന്നയിക്കാൻ പാടുള്ളതല്ല;" | "ഒരു ദിവസത്തെ യോഗത്തിൽ ഒന്നിൽ കൂടുതൽ പ്രശ്നം ഉന്നയിക്കാൻ പാടുള്ളതല്ല;" |
| 9 | 184 | <u>കമ്മിറ്റിയുടെ ചെയർമാൻ-</u><br>(1) ഒരു കമ്മിറ്റിയുടെ ചെയർമാനെ ആ കമ്മിറ്റിയിലെ അംഗങ്ങളിൽ നിന്ന് സ്പീക്കർ നിയമിക്കേണ്ടതാണ്:<br>എന്നാൽ, ഡെപ്യൂട്ടി സ്പീക്കർ കമ്മിറ്റിയിലെ ഒരംഗമാണെങ്കിൽ അദ്ദേഹത്തെ കമ്മിറ്റിയുടെ ചെയർമാനായി നിയമിക്കേണ്ടതാണ്.<br>(2) ഏതെങ്കിലും കാരണവശാൽ ചെയർമാന് പ്രവർത്തിക്കാൻ കഴിയാതെ വന്നാൽ, സ്പീക്കർക്ക് അദ്ദേഹത്തിന്റെ സ്ഥാനത്തേക്ക് മറ്റൊരു ചെയർമാനെ നിയമിക്കാവുന്നതാണ്.<br>(3) ചെയർമാൻ ഏതെങ്കിലും യോഗത്തിൽ ഹാജരാകാത്തപക്ഷം ആ യോഗത്തിൽ ചെയർമാനായി പ്രവർത്തിക്കുന്നതിന് മറ്റൊരംഗത്തെ കമ്മിറ്റി തെരഞ്ഞെടുക്കേണ്ടതാണ്. | <u>കമ്മിറ്റിയുടെ ചെയർപേഴ്സൺ-</u><br>(1) ഒരു കമ്മിറ്റിയുടെ ചെയർപേഴ്സണിനെ ആ കമ്മിറ്റിയിലെ അംഗങ്ങളിൽ നിന്ന് സ്പീക്കർ നിയമിക്കേണ്ടതാണ്:<br>എന്നാൽ, ഡെപ്യൂട്ടി സ്പീക്കർ കമ്മിറ്റിയിലെ ഒരംഗമാണെങ്കിൽ അദ്ദേഹത്തെ കമ്മിറ്റിയുടെ ചെയർപേഴ്സണായി നിയമിക്കേണ്ടതാണ്.<br>(2) ഏതെങ്കിലും കാരണവശാൽ ചെയർപേഴ്സണിന് പ്രവർത്തിക്കാൻ കഴിയാതെ വന്നാൽ, സ്പീക്കർക്ക് അദ്ദേഹത്തിന്റെ സ്ഥാനത്തേക്ക് മറ്റൊരു ചെയർപേഴ്സണിനെ നിയമിക്കാവുന്നതാണ്.<br>(3) ചെയർപേഴ്സൺ ഏതെങ്കിലും യോഗത്തിൽ ഹാജരാകാത്തപക്ഷം ആ യോഗത്തിൽ ചെയർപേഴ്സണായി പ്രവർത്തിക്കുന്നതിന് മറ്റൊരംഗത്തെ കമ്മിറ്റി തെരഞ്ഞെടുക്കേണ്ടതാണ്. |

| (1) | (2) | (3) | (4) |
|---|---|---|---|
| 10 | 191 | "The sitting of a Committee shall be held in private." | "The sitting of a Committee shall be held in private. The Members and witnesses shall be permitted to attend Committee meeting through video conferencing, if the situation demands so:<br><br>Provided that if the Committee is desirous of conducting its meeting in in-camera nature, such intimation shall be communicated to the Members, officials and witnesses well in advance and no Member or official or witness shall be allowed to attend the meeting through video conference if it is of in-camera nature." |
| 11 | 193 | All persons other than members of the Committee and officers whose services are required by the Committee shall withdraw whenever the Committee is deliberating. | (i) All persons other than members of the Committee and officers whose services are required by the Committee shall withdraw whenever the Committee is deliberating.<br><br>(ii) When a Member or an official is attending a meeting through Video conferencing, the member or the official concerned shall ensure confidentiality of the meeting. |
| 12 | 195 | A committee shall have power to send for persons, papers and records:<br><br>Provided that if any question arises whether the evidence of a person or the production of a document is relevant for the purpose of the Committee, the question shall be referred to the Speaker whose decision shall be final : | (1) A committee shall have power to send for persons, papers and records:<br><br>Provided that if any question arises whether the evidence of a person or the production of a document is relevant for the purpose of the Committee, the question shall be referred to the Speaker whose decision shall be final : |

| (1) | (2) | (3) | (4) |
|---|---|---|---|
| | | Provided further that Government may decline to produce a document on the ground that its disclosure would be prejudicial to the safety or interest of the State. | Provided further that Government may decline to produce a document on the ground that its disclosure would be prejudicial to the safety or interest of the State.<br>(2) The Statement of action taken by the Government on the petition/representation received from the Legislature Committee, shall be furnished by the officer concerned within two months from the date of receipt without fail, unless there is no time limit is specified. |
| 13 | 201 | A Committee, if it thinks fit, may make a special report on any matter that arises or comes to light in the course of its work which it may consider necessary to bring to the notice of the Speaker or the Assembly, notwithstanding that such matter is not directly connected with, or does not fall within or is not incidental to, its terms of reference. | A Committee, if it thinks fit, may make a special report on any matter that arises or comes to light in the course of its work which it may consider necessary to bring to the notice of the Speaker or the Assembly, notwithstanding that such matter is not directly connected with, or does not fall within or is not incidental to, its terms of reference and the report may, as far as possible, be presented during the tenure of that Committee or at least a preliminary report shall be presented within its tenure. |
| 14 | 261 (എച്ച്) | സഭ ആനുപാതിക പ്രാതിനിധ്യ തത്വമനുസരിച്ച് കൈമാറ്റം ചെയ്യാവുന്ന ഒറ്റ വോട്ടുവഴി അതിന്റെ അംഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കേണ്ട പതിനൊന്ന് അംഗങ്ങൾ കമ്മിറ്റിയിൽ ഉണ്ടായിരിക്കേണ്ടതാണ്: | കമ്മിറ്റിയിൽ പതിനൊന്ന് അംഗങ്ങൾ ഉണ്ടായിരിക്കണം. അവരെ സഭ, അതിലെ അംഗങ്ങൾക്കിടയിൽ നിന്ന്, ആനുപാതിക പ്രാതിനിധ്യ തത്വമനുസരിച്ച് കൈമാറ്റം ചെയ്യാവുന്ന ഒറ്റ വോട്ടുമൂലം മുപ്പത് മാസക്കാലത്തേക്ക് തെരഞ്ഞെടുക്കേണ്ടതാണ് : |

| (1) | (2) | (3) | (4) |
|---|---|---|---|
| 15 | 265 | (1) Every notice [1][except notices of questions] required by these Rules shall be given in writing addressed to the Secretary and signed by the member giving notice and shall be left at the Assembly Office which shall be open for this purpose between the hours of 10.15 a.m. and 3 p.m. on every day except Sunday or a public holiday.<br>(2) Notices left when the office is closed or after 3 p.m. shall be treated as given on the next open day. | (1) Every notice [1][except notices of questions] required by these Rules shall be given in writing addressed to the Secretary and signed by the member giving notice and shall be left at the Assembly Office which shall be open for this purpose between the hours of 10.15 a.m. and 3 p.m. or through online till 3 p.m. on every day except Sunday or a public holiday.<br>(2) Notices left when the office is closed or after 3 p.m. or through online after 3 p.m. shall be treated as given on the next open day. |
| 16 | 266 | Restriction on Publicity of notices | Prohibition of advance publicity of notices |
| 17 | 268 | Provided that a fresh notice shall be necessary of intention to move for leave to introduce any Bill in respect of which sanction or recommendation has been granted under the Constitution, if the sanction or recommendation, as the case may be, has ceased to be operative. | Provided that a fresh notice shall be necessary of intention to move for leave to introduce any Bill in respect of which sanction or recommendation has been granted under the Constitution if the sanction or recommendation, as the case may be, has ceased to be operative. |
| 18 | 281 | Rules to be observed by members while present in the Assembly | Rules to be observed by members in the Assembly |
| 19 | 297 | Procedure when a Minister discloses source of advice or opinion given to him | Document containing advice or opinion disclosed to be laid |

| (1) | (2) | (3) | (4) |
|---|---|---|---|
| 20 | 302 | Power to order withdrawal of member | Power to order withdrawal of member and to suspend the sitting |
| 21 | 312 | The Assembly Chamber shall not be used for any purpose other than the sittings of the Assembly and of its Committees. | The Assembly Chamber shall not be used for any purpose other than the sittings of the Assembly. |
| 22 | 313 | Any members may, with the consent of the Speaker, move that rule may be suspended in its application to a particular motion before the Assembly and if the motion is carried, the rule in question shall be suspended for the time being. | Any member may, with the consent of the Speaker, move that rule may be suspended in its application to a particular motion before the Assembly and if the motion is carried, the rule in question shall be suspended for the time being or for a specific period. |